# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 06, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 373)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി | 355 മുതൽ 510 വരെ |
| സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 511 മുതൽ 546 വരെ |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | 547 മുതൽ 669 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 670 മുതൽ 727 വരെ |

## ഊർജ പ്രതിസന്ധിക്ക് കാലോചിത പരിഷ്കാരം

355 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ കൂടുതൽ ഊർജം ആവശ്യമായ ലൈറ്റിംഗ് സംവിധാനങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും ആലോചനയുണ്ടോ;

(ബി) സാങ്കേതികതയുടെ വികാസത്തിൽ വളരെ കുറച്ച് ഊർജം മാത്രം ഉപയോഗയോഗ്യമാക്കി പ്രവർത്തിക്കുവാൻ ശേഷിയുള്ള ലൈറ്റിംഗ് സംവിധാനങ്ങൾ സർക്കാർ തലത്തിൽ നടപ്പിലാക്കി മാതൃക കാട്ടുന്നതിനുളള പരിശ്രമം ഉണ്ടാകുമോ;

(സി) സാങ്കേതികതയുടെ കാലോചിതമായ പരിഷ്കാരങ്ങളിലൂടെ ഊർജ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പഠനസംവിധാനങ്ങൾ പ്രത്യേകമായി നിലവിലുണ്ടോ;

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

(ഡി) ഇല്ലായെങ്കിൽ അത്തരം സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള ശ്രമം നടത്തുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

പാരമ്പര്യേതര ഊർജ്ജപദ്ധതികൾ

356 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിന് കൂടുതൽ പാരമ്പര്യേതര ഊർജ്ജപദ്ധതികൾ രൂപീകരിക്കുന്നതിന് സർക്കാരിന്റെ മുന്നിലുള്ള പദ്ധതികൾ വിശദമാക്കുമോ;

(ബി) വീടുകളിൽ സോളാർ പാനൽ ഘടിപ്പിച്ച് ഊർജ്ജം ലഭ്യമാക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ വെളിപ്പെടുത്താമോ;

(സി) സോളാർ പാനൽ ഘടിപ്പിക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് പൊതുജനങ്ങൾ ഏത് ഏജൻസിയെയാണ് ബന്ധപ്പെടേണ്ടതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി

357 ശ്രീ. സി. പി.മുഹമ്മദ്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് എൻ.ടി.പി.സി യുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; വിശദാംശങ്ങളെന്തെല്ലാം;

(സി) ഈ പദ്ധതി വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി, കാറ്റാടിയന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ചെറുകിട വൈദ്യുതോൽപാദന പദ്ധതികൾ

358 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ ചെറുകിട വൈദ്യുതോൽപാദന പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ, അവ എത്രയും വേഗം പൂർത്തീകരിക്കുന്നതിനും ഊർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) നടത്തിപ്പിലെ വീഴ്ചമൂലം പ്രതിദിനം ഉണ്ടാകുന്ന വൈദ്യുതി നഷ്ടം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമായ കണക്കുകൾ നൽകുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>അനെർട്ട് വഴിയുള്ള ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ</u>

359 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനെർട്ട് വഴി ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി സ്വകാര്യ ഏജൻസികളുമായി ധാരണയായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ടെണ്ടർ ക്ഷണിച്ചിരുന്നോ; ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് ആരാണ്; എത്ര രൂപ;

(ഡി) ഗുണഭോക്തൃ വിഹിതം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി</u>

360 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, പാലോട് രവി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ നോഡൽ ഏജൻസി ആരാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ പദ്ധതിയിലൂടെ ഒരു ദിവസം എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി സബ്സിഡി</u>

361 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് ലഭിച്ചുവരുന്ന വൈദ്യുതി സബ്സിഡി നിർത്തലാക്കാൻ വൈദ്യുതിബോർഡ്, റെഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി സബ്സിഡി നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാലാകാലങ്ങളായി തുടർന്നുവരുന്ന സബ്സിഡി സമ്പ്രദായത്തിൽ നയപരമായ മാറ്റത്തിന് ബോർഡ് ആവശ്യപ്പെടുന്നത് അസംഘടിതരായ ഗാർഹിക ഉപഭോക്താക്കൾക്ക് ദോഷകരമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന് കേന്ദ്ര നിലയങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതി</u>

362 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കേന്ദ്ര നിലയങ്ങളിൽ നിന്നും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രം ഏറ്റവും കൂടുതൽ വൈദ്യുതി അനുവദിച്ച് നൽകിയത് ഏതെല്ലാം ഘട്ടത്തിലായിരുന്നു; എത്ര മെഗാവാട്ട് വീതമായിരുന്നു; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംങ്ങും പവർകട്ടും ഇല്ലാതിരുന്ന ഘട്ടത്തിൽ കേന്ദ്രം നൽകിയിരുന്ന വൈദ്യുതി എത്രയായായിരുന്നു;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്രം കേരളത്തിന് നൽകിയ ഏറ്റവും കൂടിയ തോതിലുള്ള വൈദ്യുതിയും, ഈ സർക്കാരിന്റെ കാലത്ത് ഏറ്റവും കൂടിയ തോതിൽ നൽകിയ വൈദ്യുതിയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കൂടംകുളം വൈദ്യുതി പദ്ധതി</u>

363 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം വൈദ്യുതി പദ്ധതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ആധികാരികമായി ലഭിക്കേണ്ട വൈദ്യുതി വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിന് അർഹതപ്പെട്ട വിഹിതം മുഴുവൻ ലഭിക്കുന്നതിന് ധാരണയായിട്ടുണ്ടോ; എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കൂടംകുളം ആണവ വൈദ്യുതിയ്ക്ക് സംസ്ഥാനം നൽകേണ്ട വിലയെത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൂടംകുളം ആണവ നിലയം പ്രവർത്തി കേരളത്തിലെ ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക ബന്ധപ്പെട്ടവരുടെ മുന്നിൽ അവതരിപ്പിച്ചിട്ടുണ്ടോ; അതിനനുസരിച്ചുള്ള വൈദ്യുതി വിഹിതം കേരളത്തിന് ഉറപ്പാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കൂടംകുളത്തു നിന്നും വൈദ്യുതി</u>

364 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി നൽകുന്നതിന് ധാരണയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള വൈദ്യുതി</u>

365 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവനിലയത്തിന്റെ കമ്മീഷനിംഗ് പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; സർക്കാരിൽ ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്തുമോ; നിലയം എപ്പോൾ പ്രവർത്തനക്ഷമമാവും;

(ബി) പ്രസ്തുത നിലയത്തിൽ നിന്ന് കേരളത്തിന് എത്ര വൈദ്യുതി ലഭ്യമാകും;

(സി) 400 കെ. വി. ലൈൻ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പകരം പ്രസരണ സംവിധാനം എന്താണ്; ഇതിന്റെ ഭാഗമായി, പ്രസരണ നഷ്ടത്തിൽ വർദ്ധന ഉണ്ടാകും എന്നത് ശരിയാണോ;

(ഇ) ഇതിലൂടെ കേരളത്തിന് എത്ര വൈദ്യുതിയുടെ നഷ്ടമാണുണ്ടാവുക ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കൂടംകുളം ആണവ നിലയം</u>

366 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവനിലയത്തിൽ നിന്നും കേരളത്തിനുള്ള വൈദ്യുതി വിഹിതം ലഭിക്കുമെന്ന് കേന്ദ്ര സർക്കാർ രേഖാമൂലം സംസ്ഥാന സർക്കാരിന് ഉറപ്പ് നൽകിയിട്ടുണ്ടോ;എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കൂടംകുളത്തു നിന്നും ഏത് ലൈനിലൂടെയാണ് കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്;

(സി) നിലവിലെ ഏതെങ്കിലും പഴയ ലൈനിലൂടെ വൈദ്യുതി കൊണ്ടു വരുന്നത് ലാഭകരമാണോ; ഇത് മൂലമുള്ള പ്രസരണ നഷ്ടം എത്ര ശതമാനമായിരിക്കും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) കൂടംകുളത്ത് നിന്നും സംസ്ഥാനത്തേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള ഏറ്റവും എളുപ്പമുള്ള വൈദ്യുതി ലൈൻ ഏതാണ്; പ്രസ്തുത ലൈൻ വൈദ്യുതി കൊണ്ടുവരുന്നതിന് സജ്ജമാണോ;

(ഇ) കൂടംകുളത്തു നിന്നും തിരുനെൽവേലി-ഇടമൺ-ഈസ്റ്റ് കൊച്ചി 400 കെ.വി. ലൈനിലൂടെ വൈദ്യുതി ഇപ്പോൾ കൊണ്ടുവരാൻ കഴിയുമോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് കഴിയാത്തത് എന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ലൈൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും ഈ സർക്കാർ വന്നതിന് ശേഷം ലൈനിന്റെപണി എത്രത്തോളം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ബൈതരണി വൈദ്യുത ഉത്പാദന കേന്ദ്രം</u>

367 ശ്രീ. ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറീസയിലെ ബൈതരണി വെസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും കേരളത്തിനാവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് കേന്ദ്ര കൽക്കരി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) അനുമതി ലഭിച്ചതിനുശേഷം സംസ്ഥാന ഗവൺമെന്റ് കൈക്കൊണ്ട തുടർ നടപടികൾ എന്തെല്ലാമെന്നു വിശദീകരിക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി ഉത്പാദനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത കേന്ദ്രത്തിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുമെന്നാണു പ്രതീക്ഷിക്കുന്നത്;

(ഇ) പ്രസ്തുത കേന്ദ്രത്തിൽ നിന്നും കേരളത്തിനാവശ്യമായ വൈദ്യുതി ഉത്പാദനത്തിനുള്ള പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കുവാൻ സാങ്കേതിക വിദഗ്ധരുടെ ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ വൈദ്യുതീകരണം</u>

368 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം ഏർപ്പെടുത്തുവാൻ എത്ര സമയം ആവശ്യമാണെന്ന് വ്യക്തമാക്കുമോ; സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പുരോഗതി ജില്ല തിരിച്ച് എത്ര ശതമാനത്തിൽ എത്തി എന്ന് വ്യക്തമാക്കാമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ, ഏത് ഏജൻസി വഴി; നാളിതുവരെ എത്ര തുക ലഭിച്ചു എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതി</u>

369 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമേ കെ.എസ്.ഇ.ബി, എവിടെ നിന്നൊക്കെയാണ് വൈദ്യുതി വാങ്ങുന്നത്; യൂണിറ്റിന് എത്രയാണ് വില; എത്ര യൂണിറ്റ് വൈദ്യുതി വാങ്ങുന്നു; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കുറഞ്ഞ തുകയ്ക്ക് കൂടുതൽ വൈദ്യുതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി പ്രതിസന്ധി</u>

370 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകാൻ പോകുന്ന വൈദ്യുതി പ്രതിസന്ധി മുന്നിൽകണ്ട് പുറമെനിന്നും വൈദ്യുതികൊണ്ടുവരാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രപൂളിൽനിന്നും അധിക വൈദ്യുതി ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) വൈദ്യുതികൊണ്ടുവരുന്നതിനുള്ള ഇടനാഴികൾ ബുക്കുചെയ്യുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ;

(ഡി) ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഊർജ്ജ പ്രതിസന്ധി

371 ശ്രീ. സണ്ണി ജോസഫ്
,, എം.എ. വാഹിദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പുത്തൻ ആശയങ്ങൾ തേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെല്ലാം ഏജൻസികളുമായാണ് ധാരണാപത്രം ഒപ്പിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ധാരണാപത്രം അനുസരിച്ച് ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളിലാണ് തീരുമാനമുണ്ടായിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഊർജ്ജ സംരക്ഷണത്തിനുള്ള എന്തെല്ലാം പദ്ധതികളാണ് ധാരണാപത്രം വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഊർജ്ജ പ്രതിസന്ധി പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ

372 ശ്രീ. കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപയോഗം ശരാശരി എത്രയാണെന്നും, ജലവൈദ്യുത പദ്ധതികൾ വഴി എത്ര വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലം ലഭ്യമാണെന്നും വ്യക്തമാക്കുമോ;

(സി) പുറമെ നിന്നും വൈദ്യുതി എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വിശദമാക്കുമോ;

(ഡി) കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിന് വൈദ്യുതി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ലോഡ്ഷെഡിംഗ്

373 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ച് മാസത്തിൽ നടക്കുന്ന എസ്. എസ്. എൽ. സി. പരീക്ഷയ്ക്കും അതിനുതൊട്ടുമുമ്പുള്ള പഠനാവധി ദിവസങ്ങളിലും ലോഡ്ഷെഡിംഗ് പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഊർജ്ജപ്രതിസന്ധി</u>

374 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഊർജ്ജപ്രതിസന്ധി മറികടക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പരീക്ഷാക്കാലത്ത് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(സി) നിയന്ത്രണ നടപടികൾ കൊണ്ട് എത്രത്തോളം വൈദ്യുതി ഉപയോഗം കുറയ്ക്കാനായിട്ടുണ്ട്?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം

375 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സോളാർ വൈദ്യുതിയുടെ ഉപഭോഗം വ്യാപകമാക്കുന്നതിന് സബ്സിഡി നിരക്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ;

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുന:സംഘടന പദ്ധതി</u>

376 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുന:സംഘടനയ്ക്കുള്ള പദ്ധതി നടപ്പിലാക്കാൻ താൽപര്യമുണ്ടെന്ന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ടോ;

(ബി) നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുമ്പോൾ എല്ലാ വർഷവും വൈദ്യുതി നിരക്ക് പുതുക്കുക, വിതരണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയവയ്ക്ക് സാദ്ധ്യത ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യവൽക്കരണമെന്ന ആശങ്ക ദുരീകരിക്കുന്നതിനായി, വൈദ്യുതി ബോർഡിലെ യൂണിയനുകളുമായി ചർച്ച നടത്തിയതിനുശേഷമാണോ ബോർഡിന്റെ സാമ്പത്തിക പുന:സംഘടനയ്ക്കുള്ള പദ്ധതി നടപ്പിലാക്കാനുള്ള താത്പര്യം കേന്ദ്ര ഊർജ്ജമന്ത്രാലയത്തെ അറിയിച്ചതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വൈദ്യുതി വിതരണത്തിന് സ്വകാര്യപങ്കാളിത്തം

377 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൈദ്യുതി വിതരണത്തിന് സ്വകാര്യപങ്കാളിത്തം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും തലത്തിൽ കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ടോ;

(സി) സ്വകാര്യവത്കരണം സർക്കാരിന്റെ നയമല്ല എങ്കിൽ കത്തയച്ചവർക്കെതിരായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുത മേഖലയിൽ ഫിനാൻഷ്യൽ റീസ്ട്രക്ചറിംഗ് പദ്ധതി</u>

378 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത മേഖലയിൽ ഫിനാൻഷ്യൽ റീസ്ട്രക്ചറിംഗ് പദ്ധതി കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഊർജ്ജ വകുപ്പ് സെക്രട്ടറി കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ടോ;

(സി) എങ്കിൽ അത് സംസ്ഥാന സർക്കാരിന്റെ അറിവോടെയാണോ;

(ഡി) കേരളത്തിൽ വി.കെ.ശുക്ല കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) വി.കെ.ശുക്ല കമ്മിറ്റി റിപ്പോർട്ട് പ്രകാരം കേരളത്തിലെ മെട്രോ നഗരങ്ങളിൽ വൈദ്യുതി വിതരണം സ്വകാര്യ കമ്പനികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) കേരളത്തിൽ 2013 ഏപ്രിൽ 1 മുതൽ വൈദ്യുതി ചാർജ്ജ് വർദ്ധന നടപ്പാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ പാക്കേജ്</u>

379 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ പാക്കേജ് അംഗീകരിച്ചുകൊണ്ട് ബോർഡ് കത്തു നൽകിയിട്ടുണ്ടോ;

(ബി) വർഷം തോറും വൈദ്യുതി ചാർജ് പുതുക്കുന്നതിനും, വൈദ്യുതി വിതരണ മേഖല സ്വകാര്യവൽകരിക്കുന്നതിനും, കുടിശ്ശിക പിരിക്കുന്നതിന് ഫ്രാഞ്ചൈസികളെ ഏൽപ്പിക്കുന്നതിനും സമ്മതമാണെന്ന് പ്രസ്തുത കത്തിൽ ബോർഡ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; പ്രസ്തുത കത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ പാക്കേജ് കൊണ്ട് സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടാകുന്ന നേട്ടം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക പരിഹരിക്കുന്നതിന് സ്വകാര്യ ഫ്രാഞ്ചൈസികളെ ഏൽപ്പിക്കുന്നതിനോട് സർക്കാർ യോജിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതിമേഖലയിലെ സാമ്പത്തിക</u>
<u>പുനരുദ്ധാരണ പാക്കേജ്</u>

380 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡോ, സംസ്ഥാന സർക്കാരോ വൈദ്യുതിമേഖലയിലെ സാമ്പത്തിക പുനരുദ്ധാരണ പാക്കേജ് അംഗീകരിച്ചു കൊള്ളാമെന്ന് കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിൽ കേന്ദ്ര സർക്കാർ മുന്നോട്ടു വച്ചിട്ടുളള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഈ നിർദ്ദേശങ്ങളോട് സർക്കാർ തത്വത്തിൽ യോജിക്കുന്നുണ്ടോ;

(സി) പ്രസ്തുത പാക്കേജിലൂടെ സംസ്ഥാന വൈദ്യുതി ബോർഡിന് ഉണ്ടാകാൻ പോകുന്ന നേട്ടങ്ങളെക്കുറിച്ചോ കോട്ടങ്ങളെക്കുറിച്ചോ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സർക്കാരിന്റെ വിലയിരുത്തൽ എന്തെല്ലാമാണ്;

(ഡി) വൈദ്യുതി ഉപഭോക്താക്കളെ ഈ പാക്കേജ് എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വൈദ്യുതി ബോർഡ് കമ്പനിവത്ക്കരിക്കുന്ന നടപടി

381 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് കമ്പനി ആക്കുന്നതുകൊണ്ട് സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്കോ, വൈദ്യുതി ബോർഡ് ജീവനക്കാർക്കോ ലഭിക്കുന്ന നേട്ടങ്ങൾ എന്താണ് എന്ന് വ്യക്തമാക്കാമോ;

(ബി) കമ്പനിവത്ക്കരണംമൂലം വൈദ്യുതി ബോർഡിന് ഉണ്ടാകുന്ന നേട്ടം എന്താണ് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

വൈദ്യുതി ബോർഡ് വിനിയോഗിക്കുന്ന ജലസമ്പത്ത്

382 ശ്രീ. എൻ. ഷംസുദ്ദീൻ
,, റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതു വിഭവമായ ജലസമ്പത്തിന്റെ വിനിയോഗത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിന്റെ പങ്ക് എത്രത്തോളമാണെന്നത് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതുപയോഗിച്ച് വൈദ്യുതി ബോർഡ് ഉത്പാദിപ്പിച്ച് വിതരണം നടത്തുന്ന വൈദ്യുതിയുടെ അളവും, അതിന് ഈടാക്കുന്ന വിലയും സംബന്ധിച്ച കണക്കുകൾ ശേഖരിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ;

(സി) പൊതു വിഭവത്തിന്റെ ഉപയോഗത്തിന് പകരമായി വൈദ്യുതി ബോർഡിൽ നിന്നും സീനറേജ് ഈടാക്കുന്നുണ്ടോ; ഇല്ലെങ്കിൽ, ഗാർഹിക ഉപഭോക്താക്കൾക്ക് ആ ഇനത്തിൽ എത്രത്തോളം ഇളവനുവദിച്ചു നല്കുന്നുണ്ട് എന്നതിന്റെ വിശദാംശം നല്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

പവര്‍ ഹോളിഡേ

383 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനം ഇപ്പോള്‍ നേരിടുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയുടെ പ്രധാന കാരണങ്ങള്‍ എന്തെല്ലാമാണ്;

(ബി) വൈദ്യുതി പ്രതിസന്ധി നേരിടുന്നതിന് നിലവില്‍ സ്വീകരിച്ചിട്ടുള്ള വൈദ്യുതി നിയന്ത്രണങ്ങള്‍ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്ത് 'പവര്‍ ഹോളിഡേ' എന്ന പേരില്‍ വൈദ്യുതി നിയന്ത്രണം ഏര്‍പ്പെടുത്തിയിട്ടുണ്ടെങ്കില്‍ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പവര്‍ ഹോളിഡേ കേന്ദ്രപൂളില്‍ നിന്നും</u>
<u>കൂടുതല്‍ വൈദ്യുതി</u>

384 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ 'പവര്‍ ഹോളിഡേ' പ്രഖ്യാപിക്കുന്നതിന് നീക്കമുണ്ടോ; വിശദമാക്കാമോ;

(ബി) വൈദ്യുതി സബ് സ്റ്റേഷനുകള്‍, മാസത്തിലൊരിക്കല്‍, ഒരു ദിവസം പൂര്‍ണ്ണമായി ഓഫാക്കിയിടുന്നതിന് ബോര്‍ഡിന്റെ നിര്‍ദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കില്‍ അത് നടപ്പാക്കാന്‍ സര്‍ക്കാര്‍ ആലോചിക്കുന്നുണ്ടോ;

(ഡി) കേരളത്തിലെ ആകെ ഉല്‍പാദനവും കേന്ദ്രപൂളില്‍ നിന്നുലഭിക്കുന്നതും ചേര്‍ത്ത് എത്ര യൂണിറ്റ് വൈദ്യുതിയാണ് ഒരു ദിവസം ശരാശരി ലഭ്യമായിട്ടുള്ളത്;

(ഇ) ആകെ ലഭ്യതയും ആകെ ചെലവും തമ്മില്‍ എത്ര യൂണിറ്റിന്റെ കുറവ് നിലവിലുണ്ട്;

(എഫ്) വൈദ്യുതി പ്രതിസന്ധി മറികടക്കാന്‍, കേന്ദ്ര പൂളില്‍നിന്നും കൂടുതല്‍ വൈദ്യുതി ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ നടപടിക്രമം എന്തായിയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി വാങ്ങുന്നതിന് ചെലവഴിച്ച തുക</u>

385 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സംസ്ഥാനത്തിനു പുറത്തു നിന്ന് വൈദ്യുതി വാങ്ങുന്നതിനായി 2012 - 13 സാമ്പത്തിക വർഷം ഇതേ വരെ എത്ര രൂപ ചെലവഴിച്ചു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര വൈദ്യുത പദ്ധതികൾ തുടങ്ങി; അവ ഏതൊക്കെ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ് വർദ്ധന</u>

386 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇപ്രകാരം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ ;

(സി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വൈദ്യുതി ചാർജ് വർദ്ധന കൂടുതലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പരാതി പരിശോധിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വൈദ്യുതി നിരക്ക് വർദ്ധനവുമൂലമുള്ള വരുമാനം

387 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മാർച്ചിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രതിമാസ ശരാശരി വരുമാനം എത്രയായിരുന്നു;

(ബി) 2012 ഡിസംബറിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രതിമാസ ശരാശരി വരുമാനം എത്രയായിരുന്നു;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഘടനാപരമായ എന്തു മാറ്റമാണു നടപ്പിലാക്കിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് വൈദ്യുതി നിരക്ക് എത്ര തവണ വർദ്ധിപ്പിച്ചുവെന്നും ഓരോ വിഭാഗത്തിലും എത്ര ശതമാനം വർദ്ധന നടപ്പിലാക്കിയെന്നും വ്യക്തമാക്കുമോ;

(ഇ) വൈദ്യുതി നിരക്ക് വർദ്ധനവിലൂടെ ലഭിക്കുന്ന പ്രതിമാസ അധികവരുമാനം എത്രയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുത ചാർജ് വർദ്ധന</u>

388 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റടുത്തശേഷം, വിവിധയിനങ്ങളിലായി കെ.എസ്.ഇ.ബി. എത്ര തവണയാണ് വൈദ്യുതി ചാർജ്ജിന് വർദ്ധനവ് വരുത്തിയിട്ടുളളത്; ഏതൊക്കെ വിഭാഗങ്ങളിലായി എത്ര വീതം വർദ്ധനവാണ് വരുത്തിയിട്ടുളളത്; ബോർഡിന് ഇതുവഴി എത്ര രൂപയാണ് അധികമായി ലഭിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ വീണ്ടും താരിഫ് വർദ്ധനവിനോ വൈദ്യുതി ചാർജ് വർദ്ധനവിനോ സർചാർജിനോ വേണ്ടി ബോർഡ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ടോ; എന്നു മുതൽ ഈ വർദ്ധനവ് വേണം എന്നാണ് ബോർഡ് ആവശ്യപ്പെട്ടിട്ടുളളത്; ഇതിന്റെ ആവശ്യകത എന്താണ്;

(സി) കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളിൽ നിന്നും കൂടിയ നിരക്കിൽ വൈദ്യുതി ചാർജ് വാങ്ങുന്നതിന് കെ.എസ്.ഇ.ബി. ക്ക് റഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കേരളം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുമ്പോഴും സംസ്ഥാനത്തെ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന ദീപാലങ്കാരങ്ങൾക്കോ പരസ്യ ബോർഡുകൾക്കോ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഈ വിലക്ക് ലംഘിക്കുന്നവരിൽ നിന്നും വർദ്ധിച്ച നിരക്കിലൂടെ പിഴ ഈടാക്കാൻ കെ.എസ്.ഇ.ബി. ശ്രമിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇത്തരം നിയമ ലംഘനങ്ങൾ കണ്ടെത്താനും ആവശ്യമായ നടപടി സ്വീകരിക്കാനും എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് വർദ്ധന</u>

389 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ചാർജിൽ എത്ര വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; ഇതുമൂലം ഉണ്ടായ വരുമാനം എത്രയാണ്;

(ബി) നിലവിൽ എത്ര മണിക്കൂർ പവർകട്ടാണുള്ളത്; ഇതുമൂലം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിയുന്നുണ്ട് ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി നിരക്കിലും സര്‍ചാര്‍ജ്ജിലുമുള്ള വര്‍ദ്ധന</u>

390 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം എത്ര പ്രാവശ്യം വൈദ്യുതി നിരക്കും വൈദ്യുതി സര്‍ചാര്‍ജും വര്‍ദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) 2013 ഏപ്രില്‍ 1 മുതല്‍ വൈദ്യുതി നിരക്ക് വര്‍ദ്ധനവോ, വൈദ്യുതി സര്‍ചാര്‍ജ് വര്‍ദ്ധനവോ നിര്‍ദ്ദേശിച്ച് റഗുലേറ്ററി കമ്മീഷന് ബോര്‍ഡ് അപേക്ഷ നല്‍കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ എത്ര ശതമാനം വര്‍ദ്ധനവാണ് നിര്‍ദ്ദേശിച്ചിട്ടുള്ളത്;

(സി) ഇല്ലെങ്കില്‍ ഉടനെ പുതിയ നിര്‍ദ്ദേശങ്ങള്‍ നല്‍കാന്‍ ബോര്‍ഡ് ആലോചിക്കുന്നുണ്ടോ; എത്രശതമാനം വര്‍ദ്ധനവാണ് നിര്‍ദ്ദേശിക്കാന്‍ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുക</u>

391 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് ഇനത്തിൽ കുടിശ്ശികയായി 2013 ജനുവരി 31 വരെ എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ട് ;

(ബി) ഇതിൽ സ്വാകര്യസ്ഥാപനങ്ങളും വ്യക്തികളും എത്ര രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട് ;

(സി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് കെ.എസ്.ഇ. ബി. സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ഡി) ഈ സർക്കാർ എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; ഇതുപ്രകാരം ബോർഡിന് എത്ര രൂപ അധിക വരുമാനമായി ലഭിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ് കുടിശ്ശിക</u>

392 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്താക്കളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയാണെന്ന് പൊതുമേഖല/സ്വകാര്യമേഖലാ വ്യവസായങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യവ്യക്തികൾ എന്നിവ തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിരിച്ചെടുത്ത കുടിശ്ശിക എത്രയെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നുള്ള വൈദ്യുതി ചാർജ് കുടിശ്ശിക</u>

393 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.യ്ക്ക് മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക എത്രയെന്ന് വകുപ്പുകൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ വൈദ്യുതി ചാര്‍ജ്ജ് കുടിശ്ശിക</u>

394 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയിലെ സര്‍ക്കാര്‍, പൊതുമേഖലാ, സ്വകാര്യ സ്ഥാപനങ്ങളില്‍ നിന്നും വൈദ്യുതി ചാര്‍ജ്ജ് കുടിശ്ശികയായി സര്‍ക്കാരിലേക്ക് ലഭിക്കേണ്ട തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) കുടിശ്ശിക പിരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വൻകിട വ്യാവസായികാവശ്യത്തിനായി ഉപയോഗിച്ച<br>വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

395 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൻകിട വ്യാവസായികാവശ്യങ്ങൾക്കായി ഉപയോഗിച്ച വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശികയിനത്തിൽ എത്ര തുക ഏതെല്ലാം കമ്പനികളിൽ നിന്നും പിരിച്ചെടുക്കാനുണ്ടെന്നുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശികയുമായി ബന്ധപ്പെട്ട് കോടതിയിൽ പരിഗണനയിലിരിക്കുന്ന എത്ര കേസ്സുകളുണ്ടെന്നും അവ ഏതൊക്കെ കമ്പനികളുടേതെന്നും അറിയിക്കുമോ;

(സി) വൻകിട വ്യാവസായിക വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ എത്ര തുക ഏതൊക്കെ കമ്പനികളിൽ നിന്നും സർക്കാർ ഈടാക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്നതിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വൈദ്യുതി ഉപഭോഗം

396 ശ്രീ. എ.കെ.ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് 2013 ജനുവരിയിലെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റാണെന്ന് വ്യക്തമാക്കാമോ;

(ബി) ജനുവരിയിലെ ശരാശരി പ്രതിദിന വൈദ്യുതി ഉത്പാദനം എത്ര യൂണിറ്റാണ്; ഓരോ മേഖലയില്‍ നിന്നും ഉല്‍പ്പാദിപ്പിക്കുന്നതിന്റെ അളവ് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(സി) ജനുവരിയിലെ ശരാശരി കേന്ദ്ര വിഹിതം എത്ര യൂണിറ്റ് വൈദ്യുതിയായിരുന്നു;

(ഡി) സംസ്ഥാനത്ത് ഇപ്പോള്‍ പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിയാണ് കമ്മിയായിട്ടുളളത്;

(ഇ) ഇപ്പോള്‍ ഏര്‍പ്പെടുത്തിയിട്ടുളള പവര്‍കട്ട്, ലോഡ് ഷെഡിംഗ്, മറ്റ് വൈദ്യുതി നിയന്ത്രണങ്ങള്‍ എന്നിവയിലൂടെ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഒരു ദിവസം ലാഭിക്കുന്നത്;

(എഫ്) കമ്മി നികത്താന്‍ ഉയര്‍ന്ന വില നല്‍കി എത്ര യൂണിറ്റ് വൈദ്യുതിയാണ് പുറത്തുനിന്നും സ്വകാര്യ സ്ഥാപനങ്ങളില്‍ നിന്നും ഇപ്പോള്‍ വാങ്ങുന്നത്; സ്ഥാപനങ്ങളുടെ പേരും വിലയും വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

**<u>ഉപഭോക്താക്കൾ തെറ്റായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയാനുള്ള സംവിധാനം</u>**

397 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ബെന്നി ബഹനാൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ തെറ്റായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(ബി) ഇങ്ങനെയുള്ള തെറ്റുകൾ ക്രമവൽക്കരിക്കാൻ വൈദ്യുത ബോർഡ് ഉപഭോക്താക്കൾക്ക് അവസരം നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(സി) എന്തെല്ലാം തെറ്റായ രീതികളാണ് ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതെങ്ങനെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം</u>

398 ശ്രീ. എ. കെ. ബാലൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, വി. ശിവൻകുട്ടി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം എത്രയാണ്; ഇത് എങ്ങനെയാണ് ലഭ്യമാക്കുന്നത്; വിശദമാക്കുമോ;

(ബി) ഇപ്പോഴത്തെ ശരാശരി വൈദ്യുതി വാങ്ങൽ ചെലവ് എത്രയാണ്; മാർച്ച് - ഏപ്രിൽ മാസങ്ങളിലെ വർദ്ധിച്ച വൈദ്യുതി ഉപഭോഗം നേരിടുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വൈദ്യുതി ഉപഭോഗം നിയന്ത്രിക്കേണ്ട സാഹചര്യം നിലവിലുണ്ടോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വൈദ്യുതി ഉപഭോക്താക്കൾക്ക് ടി.ഒ.ഡി. സമ്പ്രദായം

399 ശ്രീ. വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് ടി. ഒ.ഡി. സമ്പ്രദായം സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഉപഭോക്താക്കൾക്കാണ് ഇത്തരം മീറ്ററുകൾ സ്ഥാപിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ ആകെ വൈദ്യുതി ഉപഭോഗം</u>

400 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ വൈദ്യുതി ഉപഭോഗം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെത്രയെന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി ഉപയോഗിക്കുന്നതെത്രയെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ഉപഭോഗവും ഉൽപാദന ചെലവും</u>

401 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തികവർഷത്തിൽ, നാളിതുവരെയുള്ള കണക്കനുസരിച്ച് കേരളത്തിന്റെ ഊർജ്ജ ഉപഭോഗം എത്ര മില്യൺ യൂണിറ്റാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്തിന്റെ തനതുൽപാദനം എത്ര മില്യൺ യൂണിറ്റാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ കേന്ദ്രവിഹിതമായി എത്ര മെഗാവാട്ട് വൈദ്യുതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യകതയനുസരിച്ച് ഈ കാലയളവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ തനതുൽപാദനത്തിലൂടെ ലഭ്യമാകുന്ന ഒരു മെഗാവാട്ട് വൈദ്യുതിക്ക് വേണ്ടിവരുന്ന ശരാശരി ഉൽപാദനച്ചെലവ് എത്രയെന്നും കേന്ദ്രവിഹിതമായി ലഭിക്കുന്ന വൈദ്യുതിക്ക് ഒരു മെഗാവാട്ടിന് നൽകേണ്ടിവരുന്ന ശരാശരി നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

വൈദ്യുതിയുടെ ആവശ്യകതയും ലഭ്യതയും സംബന്ധിച്ച കണക്കുകൾ

402 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ആവശ്യകതയും ലഭ്യതയും സംബന്ധിച്ച് 2005 മുതലുള്ള ഓരോ വർഷത്തേയും കണക്കുകൾ വ്യക്തമാക്കാമോ;

(ബി) 2005 മുതൽ സംസ്ഥാനത്ത് പവർകട്ട്, ലോഡ്ഷെഡ്ഡിംഗ് എന്നിവ നടപ്പാക്കിയിട്ടുണ്ടെങ്കിൽ, ഓരോ വർഷവും എത്ര സമയം വീതമെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) 2005 മുതൽ ഓരോ വർഷവും കേന്ദ്ര വിഹിതമായി ലഭിച്ച വൈദ്യുതിയുടെ അളവ് എത്രയെന്നും, യഥാർത്ഥത്തിൽ ലഭിക്കേണ്ടിയിരുന്നത് എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) 'സിസ്റ്റം ഫ്രീക്വൻസി' താഴ്ന്ന് പോകുന്നതിനുള്ള സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത് മെയിന്റയിൻ ചെയ്യുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ആധുനിക വൈദ്യുത മീറ്ററുകള്‍</u>

403 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗാര്‍ഹിക ഉപഭോക്താക്കളുടെ വൈദ്യുതി മീറ്ററുകളില്‍ ഏറിയ പങ്കും വളരെ പഴക്കം ചെന്നവയാണെന്നതിനാല്‍ രേഖപ്പെടുത്തുന്ന വൈദ്യുതി ഉപഭോഗം വസ്തുതയ്ക്കു നിരക്കാത്തതാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചു നിര്‍മ്മിക്കപ്പെടുന്ന വൈദ്യുതി മീറ്ററുകള്‍ എല്ലാ വൈദ്യുതി ഉപഭോക്താക്കള്‍ക്കും നല്‍കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ആധുനിക മീറ്ററുകള്‍ ഇതുവരെ എത്ര ഉപഭോക്താക്കള്‍ക്ക് നല്‍കിയിട്ടുണ്ടെന്നും, ഇനി എത്ര ഉപഭോക്താക്കള്‍ക്ക് നല്‍കാനുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ബാണാസുര സാഗര്‍ ഹൈഡല്‍ ടൂറിസം പദ്ധതി

404 ശ്രീ.എം.വി.ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാണാസുര സാഗര്‍ ഹൈഡല്‍ ടൂറിസം പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ രണ്ട് വര്‍ഷങ്ങളായി, എത്ര വിനോദ സഞ്ചാരികള്‍ ബാണാസുരസാഗര്‍ സന്ദര്‍ശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലൂടെ എത്ര തുക കെ.എസ്.ഇ.ബി. ക്ക് ലഭിച്ചിട്ടുണ്ടെന്ന് വര്‍ഷം തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ഡി) ബാണാസുര സാഗര്‍ തടാകത്തിലെ ദ്വീപുകളില്‍ പരിസ്ഥിതിക്ക് അനുസൃതമായ പദ്ധതികള്‍ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ചെറുകിട ജലസേചന പദ്ധതികൾ

405 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ദൗർലഭ്യം പരിഹരിക്കുന്നതിനായി ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം ശാസ്ത്രീയമായി പഠിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി ഒരു ഏജൻസിയെ നിയോഗിക്കുമോ; വിശദമാക്കാമോ;

(ബി) വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനായി പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ്, സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ബോധ്യം വന്നിട്ടുണ്ടോ; എങ്കിൽ, അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി കണക്ഷന് മുടക്കിയ തുക തിരികെ കിട്ടുന്നതിനുള്ള നടപടിക്രമം</u>

406 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ, എസ്.സി, എസ്.ടി വിഭാഗക്കാർക്ക് വൈദ്യുതി കണക്ഷൻ ലഭിയ്ക്കുവാൻ ഏതെല്ലാം തരത്തിലുള്ള മുൻഗണനയും ആനുകൂല്യങ്ങളുമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആനുകൂല്യം ലഭിയ്ക്കുവാൻ അർഹതയുള്ളവർ സാമ്പത്തിക ചെലവ് മുൻകൂർ മുടക്കിയാൽ കണക്ഷൻ ലഭിച്ചതിനുശേഷം ഈ തുക അവർക്ക് തിരികെ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാറുണ്ടോ;

(സി) എങ്കിൽ ഇതിനു സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

110 കെ. വി. സബ്സ്റ്റേഷൻ

407 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറത്തും പരിസര പ്രദേശങ്ങളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ ഇതുപരിഹരിക്കുന്നതിനായി എന്തെല്ലാംനടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കടമ്പഴിപ്പുറത്ത് 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച 23.05.2012 ലെ 1044 -ാം നമ്പർ/വി. ഐ. പി/2012/എം (പി& ടി. വി) നമ്പർ കത്തിന്മേൽ ബഹു. മന്ത്രി ബോർഡിന് നൽകിയ ഉത്തരവിൽ എന്തെല്ലാം മേൽനടപടികൾ വിദ്യുഛക്തി ബോർഡ് സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>110 കെ.വി ലൈൻ വലിക്കുന്നതിന് എതിരായി
ഹൈക്കോടതി സ്റ്റേ ഓർഡർ</u>

408 **ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറായി സബ്സ്റ്റേഷനിലേയ്ക്ക് 110 കെ.വി ലൈൻ വലിക്കുന്നതിന് എതിരായി ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് എത്ര നാളത്തേയ്ക്കാണ് നൽകിയതെന്നും ഉത്തരവ് റദ്ദാക്കി കിട്ടുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ആവശ്യത്തിലേയ്ക്ക്, സർക്കാരിന് വേണ്ടി ഹാജരായ അഭിഭാഷകൻ ആരെന്നും ബഹു: കേരളഹൈക്കോടതി എത്ര തവണ ഈ കേസ് പരിഗണനക്കായി വിളിച്ചു എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വൈദ്യുതി ബോർഡുവക സാധനങ്ങൾ
ലേലം ചെയ്യൽ

409 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് വക വിലപിടിപ്പുള്ള സാധനങ്ങൾ ലേലം ചെയ്യാതെ വിവിധ സെക്ഷനുകളിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിക്കിടക്കുന്ന പ്രസ്തുത സാധനങ്ങളുടെ ഏകദേശ മതിപ്പുവില കണക്കാക്കിയിട്ടുണ്ടെങ്കിൽ, എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സാധനങ്ങളുടെ വില നിശ്ചയിച്ച് ലേലം നടത്തുന്നതിനുള്ള അധികാരം ആരിലെല്ലാം നിക്ഷിപ്തമാക്കിയിട്ടുണ്ട്;

(ഡി) കെട്ടിക്കിടക്കുന്ന സാധനങ്ങളുടെ ലേല നടപടികൾ, അടിയന്തിരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

**<u>പബ്ലിക് യൂട്ടിലിറ്റി സ്ഥാപനങ്ങളിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ</u>**

410 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി കുടിശ്ശികയുടെ പേരിൽ സംസ്ഥാനത്ത് കൃഷി വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള എത്ര വൈദ്യുതി കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുജനങ്ങളും കൃഷിക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇത്തരം പബ്ലിക് യൂട്ടിലിറ്റി സ്ഥാപനങ്ങളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നത് ഒഴിവാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ട്രാവന്‍കൂര്‍ ഇലക്ട്രോകെമിക്കല്‍
ലിമിറ്റഡ്-ന് വൈദ്യുതി ചാര്‍ജ്ജ് ഇളവ്

411 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചിങ്ങവനത്തെ ട്രാവന്‍കൂര്‍ ഇലക്ട്രോകെമിക്കല്‍ ലിമിറ്റഡ് - ന് വൈദ്യുതി ചാര്‍ജ് ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍, എത്ര രൂപയാണ് ഇളവ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഏതുകാലയളവിലെ കുടിശ്ശിക തുകയ്ക്കാണ് ഇളവ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കമ്പനി ആകെ എത്ര രൂപ വൈദ്യുതി ചാര്‍ജ്ജ് കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ വൈദ്യുതീകരണം</u>

412 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ഇതുവരെ എത്ര കണക്ഷനുകൾ അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(ബി) എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കുട്ടനാട്ടിലെ എത്ര അപേക്ഷകർക്ക് ഇനി വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്നുള്ള പഞ്ചായത്ത് തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>പെരിങ്ങൽകുത്ത് എച്ച്.ഇ.പി. യെ ബേസ് സ്റ്റേഷനാക്കി മാറ്റാൻ നടപടി</u>

413 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിങ്ങൽകുത്ത് എച്ച്.ഇ.പി. യെ ബേസ് സ്റ്റേഷനാക്കി മാറ്റി മുഴുവൻ സമയവും നീരൊഴുക്ക് ഉറപ്പാക്കി, ചാലക്കുടി ജലസേചന പദ്ധതി പ്രദേശങ്ങളിൽ വെള്ളം ലഭ്യമാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) പ്രദേശത്തെ മുഴുവൻ പഞ്ചായത്തുകളുടേയും പ്രസ്തുത ആവശ്യം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി</u>

414 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മേപ്പാടി ചൂരൽമല റോഡിലെ മമ്മിക്കുന്ന് കോളനിയിൽ വൈദ്യുതി ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ;

(സി) നിയമാനുസൃതം പണം അടച്ചിട്ടും വൈദ്യുതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

**പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി**

415 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ സർവ്വേ, പ്രോജക്ട് പ്ലാൻ, ഭൂമി പരിശോധന എന്നിവ എപ്പോഴാണ് പൂർത്തീകരിച്ചത്

(ഡി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ എന്താണ് തടസ്സമെന്നും ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കിനാലൂര്‍ 110 കെ.വി.സബ്സ്റ്റേഷന്‍

416 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കിനാലൂര്‍ വ്യവസായ വികസന കേന്ദ്രത്തില്‍ അനുവദിച്ച 110 കെ.വി.സബ്സ്റ്റേഷന്‍ നിര്‍മ്മിക്കുന്നതിനുവേണ്ടി സ്ഥലം കൈമാറുന്നതിനും കെ.എസ്.ഐ.ഡി.സി ഇതിലേക്ക് ലഭ്യമാക്കേണ്ട തുക ലഭ്യമാക്കുന്നതിനും കെ.എസ്.ഐ.ഡി.സി യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ബന്ധപ്പെട്ട രേഖകളുടെ പകര്‍പ്പ് ലഭ്യമാക്കാമോ;

(സി) സബ് സ്റ്റേഷന്‍ നിര്‍മ്മാണം എപ്പോള്‍ ആരംഭിക്കുമെന്ന് പ്രഖ്യാപിക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>പെരുന്തേനരുവിയിൽ മിനി ഹൈഡൽ പ്രോജക്ട്</u>

417 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ പെരുന്തേനരുവിയിൽ നിർമ്മിക്കുന്ന മിനി ഹൈഡൽ പ്രോജക്ടിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്; ഈ പ്രോജക്ട് നിർമ്മാണത്തിന് എത്ര രൂപയാണ് ചെലവുകണക്കാക്കിയിട്ടുള്ളത്; ഇപ്പോൾ എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇത് ആകെ നിർമ്മാണത്തിന്റെ എത്രശതമാനമാണ്; ഇനിയും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; കരാർ പ്രകാരം എന്നാണ് ഡാം നിർമ്മാണം പൂർത്തിയാക്കേണ്ടത്;

(ബി) എത്ര മെഗാവാട്ട് വൈദ്യുതി ഇവിടെനിന്നും ഉത്പാദിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; ഡാമിന് എത്ര മീറ്റർ ഉയരമാണുള്ളത്; ഡാമിനു മുകളിലൂടെ ഇരുകരകളിലേക്കും ജീപ്പ്, കാർ തുടങ്ങിയ ചെറു യാത്രാ വാഹനങ്ങൾ സഞ്ചരിക്കാൻ കഴിയുംവിധത്തിൽ ഡാം നിർമ്മാണത്തിന്റെ രൂപ കല്പനയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) ഡാം നിർമ്മാണം പൂർത്തിയാക്കി പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) കേരളം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ, പെരുന്തേനരുവി പദ്ധതിയടക്കം നിർമ്മാണത്തിലിരിക്കുന്ന മുഴുവൻ വൈദ്യുതി പദ്ധതികളും അടിയന്തിരമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും അതിനനുസരിച്ച് കൗണ്ട് ഡൗൺ നടത്തി ഓരോ പദ്ധതിയും പൂർത്തിയാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ചാത്തൻകോട്ടുനട, വിലങ്ങാട് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെ പണി

418 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ ചാത്തൻകോട്ടുനട, വിലങ്ങാട് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെ പണി ഏത് വരെ ആയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ;

(സി) പണി പൂർത്തീകരിച്ച് എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട് വൈദ്യുത പാക്കേജ്</u>

419 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 42 കോടി രൂപയുടെ കുട്ടനാട് വൈദ്യുത പാക്കേജിൽ ഉൾപ്പെടുത്തി ഇതുവരെ ചെലവഴിച്ച തുകയും ചെയ്ത പ്രവൃത്തികളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടനാട് വൈദ്യുത പാക്കേജിന്റെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

സി. എഫ്. എൽ ബൾബുകളുടെ ഉപയോഗം

420 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് സി. എഫ്. എൽ ബൾബുകൾ നൽകി പകരം വാങ്ങിയ സാധാരണ ബൾബുകൾ എങ്ങിനെ വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ബൾബുകൾ എത്രയുണ്ടെന്നും അവ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്നും വിശദമാക്കുമോ;

(സി) സി. എഫ്. എൽ. ബൾബുകൾ ഉപയോഗിക്കുന്നതുമൂലം ഉപഭോക്താക്കൾക്ക് എന്തെങ്കിലും ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## എൽ. ഇ. ഡി. തെരുവുവിളക്കുകൾക്കുവേണ്ടി അനെർട്ടിന് അടച്ച തുക

421 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയമസഭാ മണ്ഡലത്തിലെ പനങ്ങാട് ഗ്രാമ പഞ്ചായത്തിന് എൽ. ഇ. ഡി. തെരുവുവിളക്കുകൾ ലഭ്യമാക്കുന്നതിനുവേണ്ടി അനെർട്ടിന് എത്ര രൂപ അടച്ചിട്ടുണ്ട്;

(ബി) തെരുവുവിളക്കുകൾ ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(സി) ഈ സാമ്പത്തികവർഷത്തിനുള്ളിൽ തെരുവുവിളക്കുകൾ നൽകാൻ കഴിയില്ലെങ്കിൽ പ്രസ്തുത തുക തിരിച്ചു നൽകുന്നതിന് നിർദ്ദേശിക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>മുളവുകാട് 110 കെ. വി. സബ്സ്റ്റേഷൻ</u>

422 ശ്രീ. എസ്.ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുളവുകാട് ഗ്രാമ പഞ്ചായത്തിൽ, രൂക്ഷമായ വോൾട്ടേജ് ക്ഷാമം മൂലം ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇക്കാര്യം പരിഹരിക്കുന്നതിന് 110 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള ശുപാർശയിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**06.02.2013-ലെ മറുപടിക്ക്**

<u>കെ.എസ്.ഇ.ബി യുടെ ട്രാൻസ്മിഷൻ സ്റ്റോർ</u>

423 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ചമ്പന്നൂർ വ്യവസായ മേഖലയോട് ചേർന്നു കിടക്കുന്നതും 1970 ൽ പ്രവർത്തനം ആരംഭിച്ചതുമായ കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ സ്റ്റോർ പ്രവർത്തിക്കുന്ന 16 ഏക്കറോളം സ്ഥലം ഉപയോഗയോഗ്യമാക്കുന്നതിനായി നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടും ഇത് പരിഗണിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ;

(ബി) ഈ സ്ഥലം ഉപയോഗയോഗ്യമാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഇലക്ട്രിക്കൽ വയറിംഗ് മേഖലയിലെ പ്രശ്നങ്ങൾ

424 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രിക്കൽ വയറിംഗ് മേഖല നേരിട്ടു കൊണ്ടിരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ഏതെങ്കിലും സംഘടനകളോ വ്യക്തികളോ നിവേദനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ;

(ബി) ഈ നിവേദനത്തിലെ പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തൊക്കെയാണെന്നും ഇവ നടപ്പിൽ വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ചാലക്കുടി, കൊരട്ടി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകളുടെ വിഭജനം

425 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) ഇതിനായി, എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>മസ്ദൂർ - ലൈൻമാൻ തസ്തികയിലെ ഒഴിവുകൾ</u>

426 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യിൽ മസ്ദൂർ ലൈൻമാൻ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പുതിയ മസ്ദൂർ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) വിതരണ-പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനും, ഉപഭോക്താക്കൾക്ക് നല്ല സേവനം ലഭിക്കുന്നതിനും കൂടുതൽ മസ്ദൂർ-ലൈൻമാൻമാരെ ഒരോ ഓഫീസിലും നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ പദ്ധതി</u>

427 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി യുടെ പങ്കാളിത്തം സംബന്ധിച്ച് ഡി.എം.ആർ.സി യും കെ. എം.ആർ.എൽ ഉം തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഒപ്പുവച്ചത്;

(ബി) പ്രസ്തുത ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ഡി.എം.ആർ.സി യ്ക്കും കെ.എം.ആർ.എൽ നും ഉള്ള പങ്കാളിത്തം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ധാരണാപത്രപ്രകാരം ശ്രീ. ഇ. ശ്രീധരന് നൽകിയിട്ടുള്ള അധികാരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ പദ്ധതി</u>

428 ശ്രീ. ഇ. പി. ജയരാജൻ
,, സാജു പോൾ
,, കെ. വി. വിജയദാസ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ പദ്ധതി ഡി.എം.ആർ.സി.യേയും ഇ. ശ്രീധരനെയും ഏല്പിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെയും ഡി.എം.ആർ.സി.യുടെയും തീരുമാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതി നിർവ്വഹണത്തിൽ ഇ. ശ്രീധരന്റെ പങ്ക് എന്തായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കൊച്ചി മെട്രോയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എത്ര ടെൻഡർ നോട്ടിഫിക്കേഷനുകൾ ഇതുവരെയായി പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇനി എത്ര ടെൻഡറുകൾ പുറപ്പെടുവിക്കാനുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) ഡി.എം.ആർ.സി.യുമായുള്ള കരാറിന്റെ കരട് രൂപം തയ്യാറാക്കുന്നതിന് ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ ഉപസമിതിയുടെ ഘടനയും കർത്തവ്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റെയിൽവേ</u>

429 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽവേ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) റെയിൽപാതയുടെ അലൈൻമെന്റ്, സ്റ്റേഷനുകൾ, പാർക്കിംഗ് സൗകര്യങ്ങൾ, എന്നിവയെക്കുറിച്ചുള്ള തീരുമാനമെടുത്തിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>തൂതപ്പുഴ-താനൂർ റെയിൽപാത വികസനം</u>

430 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തൂതപ്പുഴ-താനൂർ റെയിൽപാത വികസനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായുളള സ്ഥലമെടുപ്പ് നടപടികൾ പ്രകാരം എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പുതിയ ബോഗികൾ</u>

431 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, പാലക്കാട് റെയിൽവേ ഡിവിഷനുകളിൽ ഉപയോഗിക്കുന്ന ബോഗികളിൽ 15 വർഷത്തിലധികം പഴക്കമുള്ളവ എത്രയുണ്ടെന്ന് അറിയാമോ;

(ബി) ബോഗികൾ വൃത്തിയാക്കുന്നതിനും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയാമോ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ യഥാസമയം നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ റെയിൽവേയോട് ആവശ്യപ്പെടുമോ;

(ഡി) പുതിയ ബോഗികൾ കേരളത്തിന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം പാലക്കാട് റെയിൽവേ ഡിവിഷനുകളുടെ വിഭജനം</u>

432 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, പാലക്കാട് എന്നീ റെയിൽവേ ഡിവിഷനുകളുടെ പരിധി ഏതുമുതൽ ഏതുവരെയാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റെയിൽവേ ഡിവിഷനുകളെ വിഭജിക്കുവാൻ നീക്കം നടക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിനെതിരായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ദക്ഷിണ റെയിൽവേയുടെ കീഴിൽ ഉയർന്ന വരുമാനമുള്ള പ്രസ്തുത ഡിവിഷനുകളെ വിഭജിക്കപ്പെടാതെ നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഗാതഗത വകുപ്പുമന്ത്രി ചുമതല വഹിക്കുന്ന ഓരോ വകുപ്പിനും 2012-13 ബഡ്ജറ്റിൽ അനുവദിച്ച തുക

433 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗതവകുപ്പുമന്ത്രി ചുമതല വഹിക്കുന്ന ഓരോ വകുപ്പിനും 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുകയേയും നാളിതുവരെ ഓരോ വകുപ്പും ചെലവഴിച്ച തുകയേയും സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ, ഓരോ വകുപ്പു വഴിയും ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും ഇതിനകം നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയെന്ന് അറിയിക്കുമോ; ഭരണാനുമതി നൽകാത്തവ ഏതൊക്കെ; ഭരണാനുമതി നൽകിയെങ്കിലും പദ്ധതി നിർഹണം നടന്നിട്ടില്ലാത്തവ ഏതൊക്കെ;

(സി) ഓരോ വകുപ്പിന്റെയും ഓരോ ബഡ്ജറ്റിലും വകയിരുത്തപ്പെട്ട തുകയും ഇതിനകം ഖജനാവിൽ നിന്നും ചെലവാക്കിയിട്ടുള്ള തുകയും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി.യിൽ ഡീസലിന് പകരം പ്രകൃതിവാതകം</u>

434 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർധനവുമൂലം കെ. എസ്. ആർ. ടി. സി.ക്ക് പ്രതിമാസം എത്ര തുകയുടെ അധികചെലവാണ് ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഡീസലിന് പകരം പ്രകൃതിവാതകം ഉപയോഗിക്കുവാനുള്ള പദ്ധതി കെ. എസ്. ആർ. ടി. സി. ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ
വെട്ടിക്കുറയ്ക്കൽ</u>

435 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. ദിനംപ്രതി ആകെ എത്ര സർവ്വീസുകളാണ് നടത്തുന്നത്;

(ബി) ഡീസൽ വില വർധനവിനെ തുടർന്നുണ്ടായ പ്രതിസന്ധി കാരണം സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തൊട്ടാകെ എത്ര സർവ്വീസുകളാണ് വെട്ടിക്കുറച്ചത്;

(ഡി) യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇപ്രകാരം സർവ്വീസുകൾ വെട്ടിക്കുറക്കുന്ന നടപടികൾ പിൻവലിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യുടെ പ്രതിദിന ഡീസൽ ഉപഭോഗവും അധിക ചെലവും

436 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ പ്രതിദിന ഡീസൽ ഉപഭോഗം എത്രയാണ്;

(ബി) ഏതെല്ലാം പെട്രോളിയം കമ്പനികളിൽ നിന്നാണ് കെ.എസ്.ആർ.ടി.സി ഡീസൽ വാങ്ങുന്നത്;

(സി) മാർക്കറ്റ് നിരക്കിനേക്കാൾ കുറഞ്ഞ വിലയ്ക്ക് കെ.എസ്.ആർ.ടി.സിയ്ക്ക് ഡീസൽ നൽകുന്നതിന് ഏതെങ്കിലും കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ ഡീസലിന്റെ മാർക്കറ്റ് നിരക്കിനേക്കാൾ എത്ര രൂപയാണ് ഒരു ലിറ്റർ ഡീസലിന് കെ.എസ്.ആർ.ടി.സി അധികമായി നൽകേണ്ടിവരുന്നതെന്നു വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ ഫലമായി പ്രതിദിനം കെ.എസ്.ആർ.ടി.സി ക്ക് ഉണ്ടാകുന്ന അധിക ചെലവ് എത്രയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി.യെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

437 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് സർവ്വീസ് നടത്തി വരുന്നത്;

(ബി) ഇവയ്ക്ക് ദിനംപ്രതി ശരാശരി എത്ര ലിറ്റർ ഡീസലാണ് ആവശ്യമായിട്ടുളളത് എന്നറിയിക്കുമോ;

(സി) ഡീസൽ വില അധികം ഈടാക്കുന്നതുമൂലം കെ.എസ്. ആർ.ടി. സി. യ്ക്ക് ദിനംപ്രതി എത്ര അധിക ബാദ്ധ്യത വരും;

(ഡി) ഡീസൽ വില വർദ്ധന കെ.എസ്.ആർ.ടി. സി. യെ തകർക്കും എന്നതു കണക്കിലെടുത്ത് ഇക്കാര്യത്തിലുളള ശക്തമായ പ്രതിഷേധം കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(ഇ) കെ.എസ്.ആർ.ടി. സി. യെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുളളത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി സർവ്വീസുകളുടെ വെട്ടിക്കുറയ്ക്കൽ

438 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസലിന്റെ സബ്സിഡി പിൻവലിച്ചതിനാൽ കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകുമോ;

(ബി) ഡീസലിന്റെ സബ്സിഡി പിൻവലിച്ചതിനാൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ഡിപ്പോയിലും എത്ര സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) സർവ്വീസുകൾ വെട്ടികുറയ്ക്കുന്നത് മൂലം പ്രതിസന്ധി മറികടക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർവ്വീസുകൾ വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചത് എന്തുകൊണ്ട്;

(ഡി) ഡീസൽ സബ്സിഡി പിൻവലിച്ചതിനാൽ എത്ര രൂപയുടെ നഷ്ടമാണ് പ്രതിദിനം ഉണ്ടാകുന്നത്;

(ഇ) ഡീസൽ സബ്സിഡി പുനഃസ്ഥാപിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഡീസലിന് സബ്സിഡി</u>

439 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധിപ്പിച്ചത് മൂലം ദിവസേന കെ.എസ്. ആർ.ടി.സി. എത്ര ഷെഡ്യൂളുകളാണ് റദ്ദാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(ബി) ഇത് മൂലം കെ.എസ്.ആർ.ടി.സി ക്ക് ദിവസേന എത്ര രൂപയാണ് നഷ്ടം സംഭവിച്ചിട്ടുള്ളത്; വിശദമാക്കാമോ ;

(സി) ഡീസലിന് സബ്സിഡി ലഭിക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നു അറിയിക്കുമോ ;

(ഡി) ഡീസലിന് സബ്സിഡി നൽകി മുടങ്ങിയ ഷെഡ്യൂളുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി.യുടെ അധിക ബാദ്ധ്യത

440 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഡീസൽ വില നിയന്ത്രണം പിൻവലിച്ചതിനെത്തുടർന്നുണ്ടായ വില വർദ്ധനവ് കെ. എസ്. ആർ. ടി. സി.യ്ക്ക് എത്ര തുകയുടെ അധിക ബാധ്യതയാണ് ഉണ്ടാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത അധികബാധ്യത പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി.യ്ക്ക് വിപണി വിലയ്ക്ക് ഡീസൽ</u>

441 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യ്ക്ക് വിപണി വിലയ്ക്ക് ഡീസൽ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഡീസൽ വിലവർദ്ധന മൂലം കെ. എസ്. ആർ. ടി. സി. യുടെ എത്ര ഷെഡ്യൂൾ വെട്ടികുറച്ചു ; വരുമാനത്തിൽ എത്ര കുറവ് ഉണ്ടായിയെന്നു വ്യക്തമാക്കുമോ ;

(സി) വിപണിയിലെ ഡീസൽ വില വ്യതിയാനം മൂലം കെ.എസ്. ആർ. ടി. സി. യ്ക്ക് ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഡീസൽ വില വർദ്ധനവും കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധിയും

442 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനവിനെതുടർന്ന് കെ.എസ്.ആർ.ടി.സി.ക്ക് പ്രതിദിനം ഇന്ധന ഇനത്തിൽ എന്തു തുകയാണ് അധികമായി വേണ്ടിവരുന്നത്;

(ബി) ഇതുമൂലം കെ.എസ്.ആർ.ടി.സി. ക്ക് സർവ്വീസുകൾ കുറയ്ക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്ര സർവ്വീസുകൾ എന്നു വിശദമാക്കാമോ; സർവ്വീസുകൾ കുറച്ചതുകൊണ്ട് പ്രതിസന്ധി മറികടക്കാൻ കഴിയുമോ; ഇല്ലെങ്കിൽ എന്തിനാണ് സർവ്വീസുകൾ കുറച്ചത് എന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ ഇത്തരം നയങ്ങൾ അംഗീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു;

(ഡി) പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യെ നിലനിർത്തുന്നതിന് നടപടി</u>

443 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഡീസലിന് വില കൂട്ടിയതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി ക്ക് പ്രതിമാസം ഉണ്ടാകുന്ന അധിക ബാധ്യത എത്ര തുകയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഈ ബാധ്യത എങ്ങനെ നികത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) ഡീസൽ വില വർദ്ധനവിന് മുൻപ് കെ.എസ്.ആർ.ടി.സി പ്രതിദിനം എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നത്;

(ഡി) വില വർദ്ധനവിനു ശേഷം നാളിതവുരെ നഷ്ടത്തിന്റെ പേരിൽ എത്ര ഷെഡ്യൂളുകളാണ് നിർത്തലാക്കിയത്;

(ഇ) ഇതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള യാത്രാക്ലേശം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(എഫ്) സ്വകാര്യ ബസ്സുകൾക്ക് ഇതുമൂലം വൻലാഭം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഒരു സേവനമേഖല എന്ന നിലയ്ക്ക് കോർപ്പറേഷനെ നിലനിർത്തുവാൻ സർക്കാർ അടിയന്തിര സഹായം നൽകുവാൻ തയ്യാറാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഡീസൽ വില വർദ്ധനമൂലം കെ.എസ്.ആർ.ടി.സി യിലുണ്ടായ പ്രതിസന്ധി

444 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വിലവർദ്ധനവു വഴി സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി ക്ക് എത്ര തുക അധികബാധ്യത വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതുമൂലം സംസ്ഥാനത്ത് നാളിതുവരെ എത്ര സർവ്വീസുകൾ നിർത്തിവെച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഡീസൽ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി യിൽ രൂപപ്പെട്ട ഈ പ്രതിസന്ധി മറികടക്കാൻ സർക്കാർ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി യെ വൻകിട ഉപഭോക്താക്കളുടെ പട്ടികയിലുൾപ്പെടുത്തിയ കേന്ദ്രനിലപാട് പുനഃപരിശോധിക്കാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യപ്പെട്ട കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) കേന്ദ്ര തീരുമാനം വരുന്നതുവരെ കെ.എസ്.ആർ.ടി.സി ക്ക് സർക്കാർ സഹായം നൽകാൻ തയ്യാറാകുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ

445 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വിലക്കയറ്റത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകൾ കുറയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ഡീസൽ വിലയിലുണ്ടായ വർദ്ധനമൂലം കെ.എസ്.ആർ.ടി. സി. യ്ക്ക് ഉണ്ടാകുന്ന അധികബാധ്യത</u>

446 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വിലയിലുണ്ടായ വർദ്ധന മൂലം കെ. എസ്. ആർ.ടി.സി. യ്ക്ക് പ്രതിമാസം ഉണ്ടാകുന്ന അധികബാധ്യത എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഈ ബാധ്യത കെ.എസ്.ആർ.ടി.സി. യെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സാഹചര്യം മറികടക്കുവാൻ എന്ത് നടപടി യാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഡീസൽ വില വർദ്ധനവു മൂലം
കെ.എസ്.ആർ.ടി.സിക്കുണ്ടാകുന്ന നഷ്ടം

447 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സിയുടെ ഷെഡ്യൂളുകൾ വെട്ടികുറയ്ക്കാതെ കൃത്യമായി സർവ്വീസ് നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഡീസൽ വില വർദ്ധന മൂലം പ്രതിദിനം കെ.എസ്.ആർ. ടി.സി യ്ക്ക് എത്ര തുകയാണ് നഷ്ടം വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക സർക്കാർ സഹായമായി കെ.എസ്. ആർ.ടി.സി യ്ക്ക് അനുവദിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ റദ്ദാക്കൽ

448 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യ്ക്ക് ഡീസൽ നൽകുന്ന ഐ.ഒ.സി., സബ്സിഡി കൂടാതെ ഉയർന്ന നിരക്കിൽ മാത്രം ഡീസൽ നൽകുന്നതുമൂലമുള്ള പ്രതിസന്ധി പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സർവ്വീസുകൾ റദ്ദാക്കുന്നത് പ്രശ്ന പരിഹാരത്തിനുള്ള മാർഗ്ഗമായി കരുതുന്നുണ്ടോ;

(സി) ഡീസൽ നിരക്ക് വർദ്ധിപ്പിച്ചതിനുശേഷം പ്രതിദിനം എത്ര ഷെഡ്യൂളുകൾ വീതം റദ്ദാക്കുന്നുണ്ട്;

(ഡി) സബ്സിഡി നിരക്കിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ഡീസൽ ലഭിക്കുവാൻ മാർഗ്ഗങ്ങൾ ആരാഞ്ഞിട്ടുണ്ടോ;

(ഇ) പ്രതിസന്ധി മറികടക്കുന്നതിന് ജീവനക്കാരും സംഘടനാ നേതാക്കളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഡീസൽ വില വർദ്ധനവും സാമ്പത്തിക പ്രതിസന്ധിയും

449 ശ്രീ. തോമസ് ചാണ്ടി
,, എ.കെ.ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധിപ്പിച്ചതിനാൽ കെ.എസ്.ആർ.ടി.സി നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി അതിജീവിക്കാൻ എന്തൊക്ക നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഡീസൽ വില വർദ്ധനവിനെ തുടർന്ന് കെ.എസ്.ആർ.ടി.സി റൂട്ടുകൾ റദ്ദ് ചെയ്തതിനാൽ കെ.എസ്.ആർ.ടി.സി യെ മാത്രം ആശ്രയിച്ച് യാത്ര ചെയ്യുന്ന സ്ഥലങ്ങളിലെ സാധാരണക്കാർക്ക് എന്തു ബദൽ യാത്രാ സംവിധാനമാണ് ഒരുക്കിയിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യും ഡീസൽ വില വർദ്ധനവും

450 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന ഡീസലിന്റെ വില ക്രമാതീതമായി ഉയർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വർദ്ധനവ് പൊതുഗതാഗതരംഗത്ത് ഉണ്ടാക്കുന്ന ആഘാതങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത വില വർദ്ധനവിന് ശേഷം പല ഷെഡ്യൂളുകളും വെട്ടിക്കുറച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ഡീസൽ വില വർദ്ധന</u>

451 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനവിന്റെ പേരിൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ വെട്ടിക്കുറച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെട്ടിക്കുറച്ച സർവ്വീസുകൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.യെ ഡീസൽ വില വർദ്ധനയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

452 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, പി.ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ വൻകിട ഉപയോക്താവായി കണക്കാക്കി, ഡീസൽ സബ്സിഡി നൽകുന്നതിൽനിന്ന് ഒഴിവാക്കിയതുമൂലം ഉണ്ടായ ഗുരുതര പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ദീർഘകാല പ്രവർത്തനം ലക്ഷ്യമിട്ട് ലാഭകരമായ മറ്റ് ഇന്ധനങ്ങൾ ഉപയോഗപ്പെടുത്തുന്നകാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) കെടുകാര്യസ്ഥത, അധികച്ചെലവ്, കാര്യക്ഷമതാകുറവ് എന്നിവമൂലം നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിനും നടത്തിപ്പിൽ ആധുനികവത്കരണം നടപ്പാക്കുന്നതിനും സാങ്കേതിക മാനേജ്മെന്റ് വിദഗ്ധരടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ച് പഠനം നടത്തുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തിക ബാദ്ധ്യത

453 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ ഇപ്പോഴത്തെ സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഡീസൽ സബ്സിഡി ഒഴിവാക്കിയത് മൂലം കെ.എസ്.ആർ.ടി.സി ക്ക് എത്ര സാമ്പത്തിക ബാദ്ധ്യതയാണ് അധികം വരുന്നത്;

(സി) ഡീസൽ സബ്സിഡി തുടർന്നും ലഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ഡീസൽ വില വർദ്ധനവിനു മുൻപും ശേഷവുമുള്ള</u>
<u>കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം</u>

454 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനവിനു മുൻപും ശേഷവും കെ.എസ്.ആർ.ടി.സി.ക്കുണ്ടായിരുന്ന പ്രതിദിന നഷ്ടം എത്രയെന്നും വില വർദ്ധനവിനുശേഷം നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഡീസൽ വില വർദ്ധനവിനുശേഷം എത്ര ഷെഡ്യൂളുകളാണ് സംസ്ഥാനത്ത് വെട്ടിക്കുറച്ചതെന്നും ഷെഡ്യൂളുകൾ വെട്ടിക്കുറക്കുന്നതിനു സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്നും വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി. ക്ക് ചുമത്തിയ ഡീസൽ വില വർദ്ധനവിനെതിരെ സംസ്ഥാന സർക്കാർ കേന്ദ്ര പെട്രോളിയം മന്ത്രാലയത്തെ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ; എങ്കിൽആയതിനുള്ള പ്രതികരണം എന്തെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സിയെ സേവന മേഖലയിൽ നിലനിർത്തുന്നതിന് നടപടി</u>

455 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ സബ്സിഡി നിർത്തലാക്കിയതിനുശേഷം പ്രതി മാസം കെ.എസ്.ആർ.ടിസി യ്ക്ക് എത്ര തുകയുടെ അധിക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; അധിക ചെലവ് നേരിടാൻ വർഷം 200 കോടിയുടെ സഹായം നൽകണമെന്ന് സർക്കാരിനോട് കെ.എസ്. ആർ.ടി ആവശ്യപ്പെട്ടുവോ; എങ്കിൽ സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി ഉപയോഗിക്കുന്ന ഡീസലിന്റെ വിൽപ്പന നികുതിയിനത്തിൽ നൽകുന്ന തുക ഒഴിവാക്കണമെന്ന ആവശ്യം അംഗീകരിക്കുമോ; വിശദമാക്കുമോ;

(സി) ഒരു ലിറ്റർ ഇന്ധനം കൊണ്ട് 3.81 കിലോമീറ്റർ ഓടിയിരുന്ന സ്ഥാനത്ത് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ, യന്ത്രങ്ങളുടെ പൂർണ്ണമായ അറ്റകുറ്റപണിയടക്കം കർശനമായ നടപടികൾ കൊണ്ട് 4.27 കിലോമീറ്റർ വരെ ആക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഇപ്പോൾ എത്ര കിലോമീറ്റർ ആണെന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതുപോലെ വികേന്ദ്രീകരിച്ച ഔട്ട്ലെറ്റുകളിൽ നിന്ന് ഡീസൽ നിറക്കാൻ കെ.എസ്.ആർ.ടി.സിയ്ക്ക് സംവിധാനമുണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി യെ മെച്ചപ്പെടുത്തുവാൻ കേന്ദ്രത്തിൽ നിന്നും 1000 കോടി രൂപ വാങ്ങുമെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപന പ്രകാരം എന്ത് തുക ലഭിച്ചു; ഇല്ലെങ്കിൽ ലഭിക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**06.02.2013-ലെ മറുപടിക്ക്**

(എഫ്) കെ.എസ്.ആർ.ടി.സി യുടെ നിലനിൽപ്പിന് സുന്ദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ജി) കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനത്തെ സേവന മേഖലയിൽ ശക്തമായി നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി.സി യ്ക്കുള്ള ഡീസൽ വിലയിലെ വർദ്ധന

456 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ. ടി.സിയെവൻകിട ഉപയോക്താക്കളുടെ പട്ടികയിൽ പ്പടുത്തി കേന്ദ്ര സർക്കാർ ഡീസൽ സബ്സിഡി ഇല്ലാതാക്കിയതോടെ കെ. എസ്. ആർ. ടി.സി യ്ക്ക് എത്ര തുകയാണ് പ്രതിദിനം അധിക ബാധ്യത വരുന്നത്; വിശദാംശം നൽകുമോ;

(ബി) ഭീമമായ ഡീസൽ വിലവർദ്ധന സംസ്ഥാനത്തെ പൊതു ഗതാഗത സംവിധാനത്തെ തകർക്കുമെന്നതിനാൽ കെ. എസ്. ആർ. ടി. സി.യെ രക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കണ്ണൂർ ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് എത്ര ഷെഡ്യൂൾ കെ. എസ്. ആർ. ടിസി നിർത്തലാക്കിയിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ഡീസൽ വില വർദ്ധനവിന്റെ ഭാഗമായി സംസ്ഥാനത്ത് നിർത്തലാക്കിയ ബസ് സർവ്വീസുകൾ

457 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനവിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര സർവ്വീസുകൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ഭാഗമായി എത്ര തുകയുടെ നഷ്ടം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) മാവേലിക്കര ഡിപ്പോയിൽ നിന്നും നിർത്തലാക്കുവാൻ തീരുമാനിച്ച സർവ്വീസുകൾ എത്രയെണ്ണം; ഏതൊക്കെ; ഇതിൽ ലാഭത്തിലോടുന്ന സർവ്വീസുകളുണ്ടോ;

(ഡി) മാവേലിക്കരയിൽ നിന്നും തെങ്കാശിയിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി സർവ്വീസ് ലാഭകരമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ബസ് ചാർജ് വർദ്ധിപ്പിച്ചതിന്റെ ഫലമായി കെ.എസ്.ആർ.ടി. സി. യുടെ വരുമാനത്തിലുണ്ടായ വർദ്ധന</u>

458 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി ബസ്ചാർജ് വർദ്ധിപ്പിച്ചതിന്റെ ഫലമായി കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിലുണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) അശാസ്ത്രീയമായ രീതിയിലാണ് പല ഫെയർസ്റ്റേജുകളും നടപ്പിലാക്കിയതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

അന്തർ ജില്ലാ സർവ്വീസ് നടത്തുന്ന ലോ ഫ്ളോർ എ.സി. ബസ്സുകൾ

459 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലോ ഫ്ളോർ എ.സി. ബസുകളാണ് അന്തർ ജില്ലാ സർവ്വീസുകൾ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അന്തർ ജില്ലാ സർവ്വീസുകൾ ഏർപ്പെടുത്തിയ ബസുകളുടെ ശരാശരി പ്രതിദിന കളക്ഷൻ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) അന്തർ ജില്ലാ സർവ്വീസുകൾക്കായി കൂടുതൽ ലോ ഫ്ളോർ ബസുകൾ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) അന്തർ ജില്ലാ ബസുകൾക്കാണോ, ജില്ലയ്ക്കുള്ളിൽ മാത്രം സർവ്വീസ് നടത്തുന്ന ബസുകൾക്കാണോ ഇന്ധന ഉപയോഗം കൂടുതലെന്ന് വ്യക്തമാക്കാമോ;

(ഇ) ഡീസൽ വില വർദ്ധനവിന്റെ പേരിൽ ലോ ഫ്ളോർ ബസുകളുടെ ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന ശരാശരി വരുമാനം

460 ശ്രീ. ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിൽ കെ.എസ്.ആർ.ടി.സി. പ്രതിദിനം എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ കെ.എസ്.ആർ.ടി.സി. പ്രതിദിനം എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുവെന്നു വ്യക്തമാക്കുമോ;

(സി) 2011 മെയ് മാസത്തിലെ കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന ശരാശരി വരുമാനം എത്രയായിരുന്നു;

(ഡി) ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന ശരാശരി വരുമാനം എത്രയാണ്;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ്ചാർജ് വർദ്ധന നടപ്പിലാക്കിയെന്നു വ്യക്തമാക്കുമോ;

(എഫ്) ബസ് ചാർജ് വർദ്ധനവിലൂടെ പ്രതിദിനം എത്ര തുകയുടെ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.ക്കു ലഭിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

2013 ജനുവരിയിൽ നടന്ന കെ.എസ്.ആർ.ടി.സി.യിലെ പണിമുടക്കം

461 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരിയിൽ സംസ്ഥാന സർക്കാർ ജീവനക്കാരും അധ്യാപകരും നടത്തിയ പണിമുടക്കിൽ കെ.എസ്. ആർ.ടി.സി. ജീവനക്കാർ പങ്കെടുത്തിട്ടുണ്ടായിരുന്നോ;

(ബി) എങ്കിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർ പണിമുടക്കിന് നോട്ടീസ് നൽകിയിരുന്നോ; പണിമുടക്കിനാധാരമായി പറഞ്ഞിട്ടുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) കെ.എസ്.ആർ.ടി.സി.യുടെ വസ്തുവകകൾ ഏതെങ്കിലും പണിമുടക്കനുകൂലികൾ നശിപ്പിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അത് ആരാണെന്നും ഏതൊക്കെ വാഹനങ്ങൾക്കും ഉപകരണങ്ങൾക്കുമാണ് നഷ്ടം വരുത്തിയതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. പണിമുടക്കിനോടനുബന്ധിച്ചുള്ള-
അക്രമത്തിനെതിരെ നടപടി</u>

462 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ 2013 ജനുവരിയിൽ നടന്ന പണിമുടക്കിനോടനുബന്ധിച്ച് ഡ്യൂട്ടി കൺട്രോളിങ് ഇൻസ്പെക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്രമത്തിന് നേതൃത്വം നൽകിയവർക്കെതിരെ കേസ്സെടുത്ത് അറസ്റ്റു നടത്തിയിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(ബി) എങ്കിൽ കേസ്സിലെ ഒന്നും രണ്ടും പ്രതികളെ യൂണിയൻ നേതാക്കളെന്ന പേരിൽ അറസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; അതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) ഇവർക്കെതിരെ കെ.എസ്.ആർ.ടി.സി. എന്തെങ്കിലും ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ; ഇല്ലെങ്കിൽ അക്രമത്തിന് നേതൃത്വം നൽകിയ ഒന്നും രണ്ടും പ്രതികളെ വകുപ്പ് തല നടപടിയിൽ നിന്ന് ഒഴിവാക്കിയതിനുള്ള കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സിയില്‍ കണ്ടക്ടര്‍മാരുടെ ഒഴിവുകള്‍

463 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. കണ്ടക്ടര്‍മാരുടെ എത്ര ഒഴിവുകള്‍ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകള്‍ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2006 മുതല്‍ പി.എസ്.സിക്ക് റിപ്പോര്‍ട്ട് ചെയ്ത 9016 കണ്ടക്ടര്‍മാരുടെ ഒഴിവുകളില്‍ 3700 ഒഴിവുകള്‍ മാത്രമേ നിലവിലുള്ളൂ എന്ന് കാണിച്ച് കെ.എസ്.ആര്‍.ടി.സി. പി.എസ്.സി യ്ക്ക് കത്ത് നല്‍കിയിട്ടുണ്ടോ; മുഴുവന്‍ ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോര്‍ട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ആര്‍.ടി.സി. യില്‍ 8 വര്‍ഷത്തിന് താഴെ സര്‍വ്വീസുള്ള താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; പ്രസ്തുത നടപടി നിര്‍ത്തി വയ്ക്കുന്നതിന് നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഫാസ്റ്റ് പാസഞ്ചർ മുതലുള്ള സ്റ്റേജ് ക്യാരേജ് സർവ്വീസുകൾ</u>

464 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫാസ്റ്റ് പാസഞ്ചർ മുതലുള്ള സ്റ്റേജ് ക്യാരേജ് സർവ്വീസുകളുടെ നടത്തിപ്പ് കെ. എസ്. ആർ. ടി. സി. ക്ക് മാത്രമാക്കികൊണ്ടു സർക്കാർ പ്രാഥമിക വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത കരട് നോട്ടിഫിക്കേഷൻ അന്തിമ വിജ്ഞാപനമാക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) കരട് നോട്ടിഫിക്കേഷനിൽ നിന്ന് എന്തെങ്കിലും മാറ്റം വരുത്തണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അന്തിമവിജ്ഞാപനം എന്നത്തേയ്ക്ക് പുറപ്പെടുവിക്കാൻ കഴിയും എന്ന് വിശദമാക്കുമോ ;

(ഇ) ഈ അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ നിലവിലുള്ള സ്വകാര്യ ബസ് പെർമിറ്റുകളെ തുടരാൻ അനുവദിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(എഫ്) അന്തിമവിജ്ഞാപനം വരുന്നതുവഴി വിദ്യാർത്ഥികൾ ഇപ്പോൾ നേരിടുന്ന യാത്രാക്ലേശങ്ങൾ പൂർണ്ണമായും പരിഹരിക്കുവാൻ സാധിക്കുമോ ; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യിൽ സെക്രട്ടേറിയറ്റ് മാതൃകയിൽ പഞ്ചിംഗ്</u>

465 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഓഫീസുകളിൽ സെക്രട്ടേറിയറ്റ് മാതൃകയിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും അവയുടെ നിരീക്ഷണത്തിനും മെയിന്റനൻസിനും അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ;

(ബി) പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് എന്ന നിലയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പരാധീനത, പഞ്ചിംഗ് സംവിധാനവും അതിന്റെ ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിന് അനുവദിക്കുന്നില്ലെങ്കിൽ അത് പരിഹരിക്കാൻ സർക്കാർ പ്രത്യേക സഹായം നല്കി അത് സ്ഥാപിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

**<u>കെ.എസ്.ആർ.ടി.സി ബസുകൾ സ്വകാര്യ ആവശ്യത്തിന് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ</u>**

466 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ബസുകൾ മുൻകൂട്ടി ബുക്ക് ചെയ്ത് ടൂറിസ്റ്റുകൾക്കും കല്യാണ ആവശ്യങ്ങൾക്കും കരാർ അടിസ്ഥാനത്തിൽ മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരെ കൊണ്ട് പോകുന്നതിനും അനുവദിക്കാറുണ്ടോ; എങ്കിൽ അതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ അനുവദിക്കുന്ന വാഹനങ്ങളുടെ വാടക തീരുമാനിക്കുന്നതിന്റെ മാനദണ്ഡമെന്താണ്; ഇതിൽ ആർക്കെങ്കിലും ഇളവ് അനുവദിക്കാറുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം നൽകാമോ; ഇളവനുവദിക്കുവാനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## സ്വകാര്യ വാഹനങ്ങൾ സർക്കാർ ആവശ്യങ്ങൾക്ക് വാടകയ്ക്ക് എടുക്കൽ

467 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവാഹനങ്ങൾ സർക്കാർ ആവശ്യങ്ങൾക്ക് വാടകയ്ക്ക് എടുക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; എതുതരം വാഹനങ്ങൾ എന്ത് മാനദണ്ഡങ്ങൾ പാലിച്ചാണ് ഇപ്രകാരം വാടകയ്ക്ക് എടുക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ടാക്സി പെർമിറ്റുപോലും ഇല്ലാത്ത സ്വകാര്യവാഹനങ്ങൾ പൾസ്പോളിയോ മരുന്ന് കൊണ്ടുപോകുന്നതിന് ഉപയോഗിക്കുകയും അപ്രകാരം ഓടിയവാഹനങ്ങൾ പിടിക്കുകയും ചെയ്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; പ്രസ്തുത കേസുകളിൽ എന്ത് നടപടിയാണ് ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ ; ഇപ്രകാരം വ്യാജ ടാക്സികൾ സർക്കാർ ആവശ്യത്തിന് വിനിയോഗിച്ച ഉദ്യോഗസ്ഥന്മാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; ചേർത്തലയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>പുതുതായി നിർമ്മിച്ച് നിരത്തിലിറക്കിയ ബസ്സുകൾ</u>

468 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പുതുതായി നിർമ്മിച്ച് നിരത്തിലിറക്കിയ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളുണ്ടെന്ന് വിശദമാക്കുമോ;

(ബി) സർവ്വീസ് നടത്താൻ ഓരോ ഡിപ്പോയിലും ബസ്സില്ലാത്തതുമൂലം പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കൂടുതൽ ബസ്സുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) മുൻസർക്കാർ ആകെ എത്ര ബസ്സുകൾ പുതുതായി നിർമ്മിച്ചു എന്ന് വിശദമാക്കുമോ; ഇതു സംബന്ധിച്ച കണക്കുവിവരം 2006-07 മുതൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥർക്ക് ഔദ്യോഗികവാഹനം</u>

469 ശ്രീ. കെ.എൻ.എ.ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിലെ ഉദ്യോഗസ്ഥരിൽ (എം.ഡി, എക്സിക്യൂട്ടീവ് ഡയറക്ടേഴ്സ്, ഫിനാൻസ് ഓഫീസർ, ജനറൽ മാനേജർ എന്നിവർ ഒഴികെ) എത്ര പേർക്ക് യാത്രാ പാസിനു പുറമേ ഒദ്യോഗികവാഹനം കൂടി അനുവദിച്ചു നൽകിയിട്ടുണ്ട്;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി ഇത്തരത്തിൽ ധാരാളം ഉദ്യോഗസ്ഥർക്ക് സൗജന്യയാത്രാപാസിനു പുറമേ ഡ്രൈവർ സഹിതം വാഹനങ്ങൾ നൽകുന്നതുകൊണ്ട് എന്തെല്ലാം അധിക സാമ്പത്തിക നേട്ടം കെ.എസ്.ആർ.ടി.സി യ്ക്ക് ഉണ്ടാക്കുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) ഔദ്യോഗിക വാഹനം ഉപയോഗിക്കാവുന്നവരുടെ ലിസ്റ്റ് ചുരുക്കി അവ നോട്ടിഫൈ ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യിൽ ലോക്കൽ പർച്ചേസ് -

470 ശ്രീ. പി. ബി അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പെയർ പാർട്സ്, മറ്റ് അത്യാവശ്യ സാമഗ്രികൾ എന്നിവ ലോക്കൽ പർച്ചേസ് നടത്തുന്നതിനായി ഓരോ ഡിപ്പോയ്ക്കും ഒരേ സമയം എന്തു തുകയാണ് അനുവദിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ; പർച്ചേസ് അനുമതി നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുളള ഉദ്യോഗസ്ഥർ ആരെല്ലാം;

(ബി) പ്രസ്തുത സൗകര്യമുപയോഗിച്ച് എന്തൊക്കെ സ്പെയർ പാർട്ട്സുകളാണ് അധികമായി ഓരോ ഡിപ്പോയിലും വാങ്ങേണ്ടിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ടെൻഡർ മുഖേന മാത്രം വാങ്ങുന്ന പ്രധാന സ്പെയർ പാർട്ട്സുകൾ ഏതെല്ലാമാണ്; ഇവ ഡിപ്പോകളിൽ ലഭ്യമാക്കുന്ന കാര്യത്തിൽ കാലതാമസം വരാറുണ്ടോ;

(ഡി) 2011-12 - ൽ ഓരോ ഡിപ്പോയും മൊത്തം എന്തു തുകയ്ക്കുളള സാമഗ്രികൾ ലോക്കൽ പർച്ചേസ് നടത്തി എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ഇ) ലോക്കൽ പർച്ചേസ് നടത്തുന്ന സ്പെയർ പാർട്സ് ഒറിജിനലാണോ എന്നും, അതിന് ഗ്യാരന്റി ഉണ്ടോ എന്നും പരിശോധിക്കുന്നതാരാണ്; അത്തരം പരിശോധന നടത്തി ആയത് ഉറപ്പു വരുത്താറുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. യിൽ സെൻട്രൽ പർച്ചേസിംഗ് സംവിധാനം

471 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ സ്പെയർ പാർട്സ് വാങ്ങുന്നതിന് സെൻട്രൽ പർച്ചേസിംഗ് സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനം മുഖേന പർച്ചേസ് നടത്തുന്നതിന്റെ രീതി വിശദമാക്കുമോ;

(ബി) പ്രതിവർഷം എന്തു തുകയുടെ പർച്ചേസ് നടത്താറുണ്ട്; കഴിഞ്ഞ അഞ്ചു വർഷം സെൻട്രൽ പർച്ചേസിംഗ് സംവിധാനം വഴി വാങ്ങിവിതരണം നടത്തിയ സ്പെയർ പാർട്സിന്റെ പ്രതിവർഷ ചെലവ് എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഡിപ്പോകളിലേയ്ക്കുള്ള സ്പെയർ പാർട്സിന്റെ വിതരണ രീതിയും മാനദണ്ഡവും വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആര്‍. ടി. സി. യില്‍ ഇ-ഗവേണന്‍സ്</u>

472 ശ്രീ. വി. ഡി. സതീശന്‍
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. എസ്. ആര്‍. ടി. സി.യില്‍ ഇ-ഗവേണന്‍സ് ഏര്‍പ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങള്‍ക്ക് ഇ-ഗവേണന്‍സ് വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് ഇ-ഗവേണന്‍സ് നടപ്പാക്കുന്നത്?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ</u>

473 ശ്രീ. വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എത്ര ബസ്സുകൾ പുറത്തിറക്കി; എത്ര പുതിയ ബസ്സുകൾക്ക് ഓർഡർ നൽകി;

(സി) വിവിധ ബസ്സ് ടെർമിനലുകളുടെ ജോലികളിൽ എന്ത് പുരോഗതി നേടിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഏതെല്ലാം തലത്തിലുള്ള പുതിയ സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങൾ

474 ശ്രീ. ബാബു. എം.പാലിശ്ശേരി
,, ആർ. രാജേഷ്
ശ്രീമതി കെ.എസ്.സലീഖ
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങളും അതു മൂലമുള്ള മരണവും വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണമെന്താണെന്നും ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(സി) അലക്ഷ്യമായ ഡ്രൈവിംഗും അമിതവേഗവും വഴി അപകടങ്ങൾ വരുത്തുന്ന ഡ്രൈവർമാർക്ക് തക്കതായ ശിക്ഷ നൽകാത്തതു മൂലമാണ് അപകടങ്ങൾ കൂടിവരുന്നത് എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി ബസ്സ് ഉൾപ്പെട്ട അപകടങ്ങൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്തിന്റെ ഓരോ ജില്ലയിലും എത്ര വീതം ഉണ്ടായെന്നും എത്ര പേർ മരണപ്പെട്ടുവെന്നും വിശദമാക്കുമോ;

(ഇ) അപകടത്തിൽപ്പെടുന്ന ബസ്സുകൾ ഓടിച്ചിരുന്ന ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും അപകടത്തിന്റെകാരണം പരിശോധിച്ച് തക്കതായ ശിക്ഷ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ക്യാൻസർ രോഗികൾക്ക് യാത്രാ സൗജന്യം</u>

475 ശ്രീ. സി.എഫ്. തോമസ്
'' റ്റി. യു. കുരുവിള
'' തോമസ് ഉണ്ണിയാടൻ
'' മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികൾ ചികിൽസയ്ക്കായി യാത്ര ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി ബസുകളിൽ യാത്രാ സൗജന്യം അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

**ജലഗതാഗത വകുപ്പിലെ ഇ-ഗവേണൻസ്**

476 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, വി.ഡി സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ഇ-ഗവേണൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ ഇ-ഗവേണൻസ് ഏർപ്പെടുത്തിയതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ഇ-ഗവേണൻസ് വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇ-ഗവേണൻസ് നടപ്പിലാക്കുന്നത്?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## സമരത്തിൽ പങ്കെടുത്ത കെ.എസ്.ആർ.ടി.സി ജീവനക്കാർ വരുത്തിയ നഷ്ടം

477 ശ്രീ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരിയിൽ സംസ്ഥാന സർക്കാർ ജീവനക്കാരും അധ്യാപകരും നടത്തിയ പണിമുടക്കിൽ കെ.എസ്. ആർ.ടി.സി ജീവനക്കാർ പങ്കെടുക്കുകയും വസ്തുവകകൾക്ക് നാശനഷ്ടം വരുത്തുകയും ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ നാശനഷ്ടം തിട്ടപ്പെടുത്തിയത് ഏത് ഉദ്യോഗസ്ഥനാണ്;

(സി) പ്രസ്തുത ഉദ്യോഗസ്ഥൻ ഏത് ട്രേഡ് യൂണിയനിൽ അംഗത്വമുള്ള ആളായിരുന്നു. കേട്പാട് വരുത്തിയ വകയിലും ട്രിപ്പിന് മുടക്കം വന്ന വകയിലും എത്ര രൂപയുടെ നഷ്ടമാണ് പ്രസ്തുത ഉദ്യോഗസ്ഥൻ ആദ്യം പോലീസ് സ്റ്റേഷനിൽ റിപ്പോർട്ടായി നൽകിയത്; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥൻ തന്നെ നാശനഷ്ടം സംബന്ധിച്ച് വീണ്ടും റിപ്പോർട്ട് നൽകുകയുണ്ടായോ; എങ്കിൽ ഇതിലെ തുക എത്രയാണ്; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടുകളിലെ തുകകൾ തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ നിരുത്തരവാദപരമായി പെരുമാറിയ കുറ്റക്കാരെ രക്ഷിക്കാൻ തക്കവിധമുള്ള റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥനെതിരെ കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിലെ ചെലവ് ചുരുക്കൽ</u>

478 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) അതിന്റെ ഫലമായി കഴിഞ്ഞ സാമ്പത്തിക വർഷം മുൻകൊല്ലത്തേതിൽ നിന്ന് എന്ത് തുകയുടെ ചെലവ് ചുരുക്കാൻ സാധിച്ചിട്ടുണ്ട് ;

(സി) ചെലവ് ചുരുക്കലിന്റെ ഭാഗമായി സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെയും അല്ലാത്തവയുടെയും സ്പെയർ പാർട്സ്, മറ്റ് ഇനങ്ങൾ എന്നിവയ്ക്കുള്ള ചെലവിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടായ വ്യത്യാസം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

മിനിബസ്സ്/ബസ്സ് എന്നിവയുടെ ചുരുങ്ങിയ ദിവസ വരുമാനം

479 ശ്രീ. കെ.കെ നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനവിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.ക്ക് ദിനംപ്രതി എത്ര തുകയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഡിസൽ വില നിയന്ത്രണം എടുത്തുകളഞ്ഞതിനോട് കെ.എസ്.ആർ.ടി.സി.യുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. യുടെ മിനിബസ് തുടങ്ങിയ ഒരോ വിഭാഗം ബസ്സുകളും പ്രതിദിനം ചുരുങ്ങിയത് എത്ര തുക വരുമാനമായി ലഭിക്കണം എന്നാണ് കെ.എസ്.ആർ.ടി.സി നിർദ്ദേശിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ബസുകളിൽ സംവരണം ചെയ്യപ്പെട്ട സീറ്റുകൾ കൈയ്യേറുന്നവർക്ക് പിഴശിക്ഷ

480 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസുകളിൽ സ്ത്രീകൾ, വികലാംഗർ, മുതിർന്ന പൗരൻമാർ തുടങ്ങിയവർക്ക് സംവരണം ചെയ്യപ്പെട്ട സീറ്റുകൾ കൈയ്യേറുന്നവർക്ക് പിഴശിക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത യാത്രക്കാർക്ക് സീറ്റ് ഉറപ്പുവരുത്തുന്നതിൽ കണ്ടക്ടർമാർ വീഴ്ച വരുത്തുന്നുണ്ടെങ്കിൽ അവർക്കെതിരെ സ്വീകരിച്ചുവരുന്നതും സ്വീകരിക്കാവുന്നതുമായ നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിലെ സ്ത്രീകളുടെ യാത്രാ സൗകര്യം

481 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം ജില്ലയിലെ സ്ത്രീകളുടെ യാത്രാസൗകര്യം വര്‍ദ്ധിപ്പിക്കുന്നതിലേയ്ക്ക് ബസ്സ് വാങ്ങുന്നതിനായി പ്ലാന്‍ ഫണ്ടില്‍ നിന്നും അനുവദിച്ച തുക പൂര്‍ണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ;

(ബി) എത്ര ബസ്സുകള്‍ വാങ്ങുന്നതിനാണ് ഫണ്ട് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നിരത്തിലിറക്കിയ പുതിയ ബസ്സുകള്‍ ഉപയോഗിച്ച് മലപ്പുറം ജില്ലയില്‍ പുതിയതായി എത്ര സര്‍വ്വീസുകള്‍ ആരംഭിച്ചു; വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യിലെ അഡ്മിനിസ്ട്രേഷൻ ജോലികൾ

482 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ അഡ്മിനിസ്ട്രേഷൻ വിഭാഗം നിർവ്വഹിക്കുവാനുള്ള ജോലികൾ മറ്റു വിഭാഗം ജീവനക്കാർ മുഖേന ചെയ്യിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ജോലി ചെയ്യിക്കുന്നത് മൂലം അഡ്മിനിസ്ട്രേഷൻ വിഭാഗത്തിന്റെ ഒഴിവുകൾ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) ഹയർ ഡിവിഷൻ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് അവരവരുടെ കീഴിൽ ജോലി ചെയ്യാൻ ഏതു വിഭാഗം ജീവനക്കാരെയും നിയമിക്കുവാൻ അധികാരം നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ ?

(ഡി) അത്തരത്തിൽ ഏതെല്ലാം ഓഫീസർമാരാണ് അഡ്മിനിസ്ട്രേഷൻ വിഭാഗം ചെയ്യേണ്ട ജോലികൾ മറ്റു വിഭാഗക്കാരെക്കൊണ്ടു ചെയ്യിക്കുന്നത്; അത്തരത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## <u>സ്വകാര്യ സൂപ്പർഫാസ്റ്റ് ബസ്സ് പെർമിറ്റ്</u>

483 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സൂപ്പർ ഫാസ്റ്റ് ബസ്സ് പെർമിറ്റ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) 2012 വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ എത്ര സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ സൂപ്പർഫാസ്റ്റ് പെർമിറ്റ് ആക്കി മാറ്റി നൽകിയിട്ടുണ്ട്;

(സി) നിബന്ധനകൾ എല്ലാം പാലിച്ചാണോ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയത് എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥികൾക്ക് സ്വകാര്യ സൂപ്പർഫാസ്റ്റ് ബസ്സുകളിലും യാത്രാനിരക്കിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കെ. എസ്. ആര്‍. ടി. സി. യിലെ പെന്‍ഷന്‍കാര്‍

484 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. യില്‍ നിലവില്‍ എത്ര പെന്‍ഷന്‍കാരുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) പ്രസ്തുത പെന്‍ഷന്‍കാര്‍ക്ക് കൃത്യമായി പെന്‍ഷന്‍ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) കെ.എസ്.ആര്‍.ടി.സി. യുടെ വര്‍ദ്ധിച്ചുവരുന്ന ബാധ്യത കണക്കിലെടുത്ത് പെന്‍ഷന്‍ ബാധ്യതകള്‍ സര്‍ക്കാര്‍ ഏറ്റെടുക്കുമോ; ഇതിന് എന്തെല്ലാം നടപടികളാണ് കൈക്കൊളളാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കാസർഗോഡ് - മംഗളുരു അന്തർ സംസ്ഥാന ബസ് സർവ്വീസ്

485 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-മംഗളുരു അന്തർ സംസ്ഥാന റൂട്ടിൽ ബഹു. സുപ്രീം കോടതി വിധി മറികടന്ന് സ്വകാര്യബസ്സുകൾക്ക് കൂട്ടത്തോടെ അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ 22 സ്വകാര്യ ബസ്സുകൾക്ക് ഒരു മാസത്തേയ്ക്കുള്ള താൽക്കാലിക പെർമിറ്റ് നൽകാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) കേരള -കർണ്ണാടക സർക്കാരുകൾ ഒപ്പുവച്ച കരാർ പ്രകാരം ഈ റൂട്ടിൽ കെ.എസ്.ആർ.ടി.സിയ്ക്ക് മാത്രമേ സർവ്വീസ് നടത്താവൂ എന്ന കരാർ ഗതാഗത വകുപ്പിലെ ഉദ്യോഗസ്ഥ മേധാവികൾ അട്ടിമറിച്ചതായി കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത കരാർ ലംഘനം കെ.എസ്.ആർ.ടി.സിയെയും അന്തർ സംസ്ഥാന സർവ്വീസുകളെയും തകർക്കാനുള്ള സമീപനത്തിന്റെ ആദ്യഘട്ടമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റൂട്ടിൽ സ്വകാര്യബസ് സർവ്വീസ് അനുവദിച്ചത് കെ.എസ്.ആർ.ടി.സി യെ കടുത്ത പ്രതിസന്ധിയിലാക്കിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(എഫ്) കരാർ ലംഘനം നടത്തിയ ഉദ്യോഗസ്ഥമേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും പ്രസ്തുത റൂട്ടിൽ സ്വകാര്യബസ്സുകൾക്ക് കൂട്ടത്തോടെ അനുമതി നൽകിയ പെർമിറ്റ് റദ്ദാക്കാനും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വെട്ടിക്കുറച്ച ബസ് സർവ്വീസുകൾ</u>

486 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽവില വർദ്ധനവിനെ തുടർന്ന് കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കെ.എസ്.ആർ.ടി.സി തൊട്ടിൽപ്പാലം സബ് ഡിപ്പോയിലെയും വടകര ഓപ്പറേറ്റിംഗ് സെന്ററിലെയും ഏതെല്ലാം സർവ്വീസുകളാണ് ഇത്തരത്തിൽ വെട്ടിക്കുറച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കൈനകരി - ചേന്നങ്കരി, ചമ്പക്കുളം ബസ് സർവ്വീസുകൾ</u>

487 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴയിൽ നിന്നും കൈനകരി - ചേന്നങ്കരി - പൂപ്പള്ളി - നെടുമുടി വഴി ചങ്ങനാശ്ശേരിക്കും തിരിച്ചും ബസ് സർവ്വീസ് ആരംഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ചമ്പക്കുളം വരെയുള്ള ബസ് സർവ്വീസ് എടത്വ വരെ നീട്ടുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

എം.സി. റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമല വരെ സുരക്ഷാ ക്രമീകരണങ്ങൾ സ്വീകരിക്കുന്നതിന് നടപടി

488 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനാപകടം വർദ്ധിച്ചിരിക്കുന്ന എം.സി. റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമല വരെ മോട്ടോർ വാഹന വകുപ്പോ, റോഡ് സേഫ്റ്റി അതോറിറ്റിയോ, കെ.എസ്.ടി.പി. യോ ഹമ്പുകൾ സ്ഥാപിച്ച് വേഗത നിയന്ത്രണത്തിനോ, മറ്റ് സുരക്ഷാ ക്രമീകരണങ്ങൾക്കോ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ടി.പി റോഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടും ഇലക്ട്രിക് വിളക്കുകൾ സ്ഥാപിക്കുന്ന പണി പൂർത്തീകരിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തിരമായി പ്രസ്തുത ലൈറ്റുകൾ തെളിയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ചടയമംഗലം ഡിപ്പോയിലെ ഷെഡ്യൂൾ റദ്ദാക്കൽ

489 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും എത്ര ബസ് റൂട്ടുകൾ ഷെഡ്യൂൾ റദ്ദാക്കിയതുമൂലം നിർത്തലായിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഷെഡ്യൂളുകൾ റദ്ദാക്കുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

റാന്നിയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഓപ്പറേറ്റിംഗ് സെന്റർ

490 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കാൻ എന്നാണ് അതിന്റെ ഡയറക്ടർ ബോർഡ് തീരുമാനിച്ചതെന്ന് അറിയിക്കാമോ ;

(ബി) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിലേക്ക് അനുവദിച്ച ബസുകളും, ഷെഡ്യൂളുകളും ജീവനക്കാരെയും ഇതേവരെ കൈമാറാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) ഓപ്പറേറ്റിംഗ് സെന്റർ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; എങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ഡി) റാന്നി കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേറ്റിംഗ് സെന്റർ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂര്‍ മണ്ഡലത്തിലെ കെ.എസ്.ആര്‍.ടി.സി ബസ്സ് സര്‍വ്വീസുകള്‍</u>

491 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം തൃക്കരിപ്പൂര്‍ മണ്ഡലത്തില്‍ എത്ര കെ.എസ്.ആര്‍.ടി.സി. ബസ്സുകള്‍ പുതുതായി അനുവദിച്ചിട്ടുണ്ടെന്നും ഈ ബസ്സുകള്‍ ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് സര്‍വ്വീസ് നടത്തുന്നതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ലോ ഫ്ളോർ ബസ് സർവ്വീസ് ചാലക്കുടി വരെ നീട്ടാൻ നടപടി

492 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എറണാകുളത്തുനിന്നും അങ്കമാലി വരെ സർവ്വീസ് നടത്തുന്ന ലോഫ്ളോർ ബസ്സുകൾ, ടൂറിസം, വ്യവസായ പ്രാധാന്യങ്ങൾ കണക്കിലെടുത്ത് ചാലക്കുടി വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ചീമേനിയിൽ കെ.എസ്.ആർ.ടി.സി സബ്ഡിപ്പോ</u>

493 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോരമേഖലകളിലെ യാത്രാദുരിതം പരിഹരിക്കുന്നതിന് കാസർഗോഡ് ജില്ലയിലെ ചീമേനി കേന്ദ്രീകരിച്ച് ഒരു കെ. എസ്.ആർ.ടി.സി സബ് ഡിപ്പോ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥലവും കെട്ടിട സൗകര്യവും സൗജന്യമായി ഏർപ്പെടുത്തി നൽകാൻ കയ്യൂർ ചീമേനി പഞ്ചായത്ത് തയ്യാറാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ധർമ്മടം നിയോജക മണ്ഡലത്തിലെ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ</u>

494 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിൽ സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി.സി ബസ്സുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) മുമ്പ് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ഏതെങ്കിലും സർവ്വീസുകൾ ഇപ്പോൾ നടത്താതിരിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാമാണെന്നും സർവ്വീസ് നടത്താതിരിക്കാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ;

(ഡി) സർവ്വീസ് നിർത്തുന്നതിന് തൊട്ടു മുമ്പുള്ള മൂന്ന് മാസത്തിൽ ഓരോ ദിവസവും ഉണ്ടായിരുന്ന വരുമാനം പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ഡിപ്പോയ്ക്ക് പുതിയ ബസുകളും സർവ്വീസുകളും</u>

495 ശ്രീ.ജി.സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് എത്ര പുതിയ ബസുകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ഡിപ്പോയ്ക്ക് പുതിയ ബസുകളും പുതിയ സർവ്വീസുകളും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആലപ്പുഴ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും നിലവിൽ പ്രതിദിനം എത്ര സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്; സർവ്വീസ് നടത്താൻ അനുയോജ്യമായ എത്ര ബസുകളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കായംകുളം പട്ടണത്തിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ</u>

496 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കായംകുളം പട്ടണത്തിൽ വർദ്ധിച്ചുവരുന്ന ഗതാഗത കുരുക്കും അപകടങ്ങളും നിയന്ത്രിക്കുന്നതിന് ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>

497 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഒരു ദിവസം എത്ര ഷെഡ്യൂൾ ആണ് ഓപ്പറേറ്റുചെയ്യുന്നത്; പ്രസ്തുത ആവശ്യത്തിലേയ്ക്കായി എത്ര ബസുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത എണ്ണം ഷെഡ്യൂളുകളിൽ, 2013 ജനുവരി മാസം 1 മുതൽ ജനുവരി മാസം 25-ാം തീയതിവരെ എത്ര ഷെഡ്യൂളുകൾ റദ്ദുചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; അവ ഏതൊക്കെ ദിവസങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഷെഡ്യൂളുകൾ റദ്ദുചെയ്യുവാൻ ഉണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്; കൃത്യമായും എല്ലാ സർവ്വീസുകളും നടത്തുവാൻ സന്നദ്ധമാകുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

ശ്രീ. സജീവ് കുമാറിന്റെ എടത്വ ഡിപ്പോയിലെ നിയമനം

498 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഏക കെ.എസ്.ആർ.ടി.സി. ഡിപ്പോ ആയ എടത്വ ഡിപ്പോയിലെ ഇൻസ്പെക്ടർ-ഇൻ-ചാർജിനെ നിലനിർത്തുന്നതിന് സമർപ്പിച്ച അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ കൺട്രോളിംഗ് ഇൻസ്പെക്ടറെക്കുറിച്ചുള്ള പരാതികളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ശ്രീ. സജീവ് കുമാറിനെ തിരികെ എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിയമിച്ച ഉത്തരവ്/നടപടിക്രമത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ആരുടെ ശുപാർശ പ്രകാരമാണ് ശ്രീ. സജീവ് കുമാറിനെ വീണ്ടും എടത്വ ഡിപ്പോയിൽ നിയമിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

**<u>കണ്ടക്ടർ ശ്രീ. സുലൈമാന്റെ ആനുകൂല്യം ലഭിക്കുന്നതിന് നടപടി</u>**

499 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയിൽ തിരുവനന്തപുരം സിറ്റിയിൽ കണ്ടക്ടറായിരിക്കെ പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിച്ച ശ്രീ. സുലൈമാന് 21.04.2007 -ൽ പി.എൽ 12/22511/03 എന്ന നമ്പരിൽ കെ.എസ്.ആർ.ടി.സി പുറപ്പെടുവിച്ച ഉത്തരവുപ്രകാരമുള്ള ആനുകൂല്യം അനുവദിച്ച്, അതുപ്രകാരമുള്ള എൽ.പി.സി പൊതുഭരണ വകുപ്പിലേക്ക് അയച്ചുകൊടുക്കണമെന്ന അപേക്ഷ, വ്യവസായ വകുപ്പുമന്ത്രിയുടെ ഓഫീസ് മുഖേന അയച്ചുതന്നത് , ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഓട്ടോറിക്ഷകൾക്ക് പെർമിറ്റ്</u>

500 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് പാലിക്കേണ്ടുന്ന എന്തെങ്കിലും പ്രത്യേക വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഓട്ടോറിക്ഷാ ഡ്രൈവർമാരിൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തിച്ചവർക്കെതിരെ കഴിഞ്ഞ ഒരുവർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്യേണ്ടിവന്നിട്ടുണ്ട്; പ്രസ്തുതവർഷം പരാതികളെ തുടർന്ന് എത്ര ഓട്ടോറിക്ഷ ഡ്രൈവർമാരുടെ ലൈസൻസ് ക്യാൻസൽ ചെയ്യുകയുണ്ടായി?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഓട്ടോറിക്ഷകള്‍ക്ക് ഡിജിറ്റല്‍ മീറ്ററുകള്‍

501 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഓട്ടോറിക്ഷകള്‍ക്ക് കേരളത്തില്‍ എല്ലായിടത്തും ഡിജിറ്റല്‍ മീറ്ററുകള്‍ നിര്‍ബന്ധമാക്കിയിട്ടുണ്ടോ; ഡിജിറ്റല്‍ മീറ്ററുകള്‍ ഉപയോഗിക്കുന്നതില്‍ നിന്നും ഏതെങ്കിലും പ്രദേശത്തെ ഓട്ടോറിക്ഷകളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) ചേര്‍ത്തല ജോയിന്റ് ആര്‍.ടി ഓഫീസില്‍ നിന്നും പ്രതിമാസം എത്ര ഡ്രൈവിംഗ് ലേണേഴ്സ് ടെസ്റ്റുകള്‍ നടക്കുന്നു എന്നു പറയാമോ;

(സി) ഇത്തരം ടെസ്റ്റുകള്‍ക്ക് ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകള്‍ പ്രതിദിനം എത്ര പേരെ വീതം ടെസ്റ്റ് ചെയ്യുന്നതിന് ഉപയോഗിക്കാമെന്നു പറയാമോ;

(ഡി) ലേണേഴ്സ് ലൈസന്‍സ് എടുക്കുന്നതിനുള്ള ടെസ്റ്റ് നടത്തുന്നതിനാവശ്യമായ കമ്പ്യൂട്ടറുകള്‍ ചേര്‍ത്തലയിലെ ജോയിന്റെ ആര്‍.ടി.ഓഫീസിലില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കില്‍ ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ചേര്‍ത്തല ജോയിന്റ് ആര്‍.ടി ഓഫീസില്‍ ലഭ്യമാക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>മൊഫ്യൂസിൽ സ്റ്റാൻഡിലെ ട്രിപ്പു മുടക്കുന്ന ബസ്സുകൾ</u>

502 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മൊഫ്യുസിൽ ബസ്സ് സ്റ്റാന്റിൽ നിന്നും രാത്രി 9.00 മണിക്ക് ശേഷം വടകര, തലശ്ശേരി, കണ്ണൂർ ഭാഗങ്ങളിലേയ്ക്ക് പോകുന്ന സ്വകാര്യ ട്രാൻസ്പോർട്ട് ബസ്സുകൾ ഏതെല്ലാം; പ്രസ്തുത ബസ്സ് റൂട്ടുകൾ കോഴിക്കോട് സ്റ്റാന്റിൽ നിന്ന് പുറപ്പെടേണ്ട സമയം എപ്പോഴാണെന്ന് വ്യക്തമാക്കുമോ; ബസ്സിന്റെ പേരും നമ്പരും വ്യക്തമാക്കുമോ;

(ബി) രാത്രികാലങ്ങളിൽ കണ്ണൂർ ഭാഗത്തേയ്ക്ക് പോകേണ്ട സ്വകാര്യ ട്രാൻസ്പോർട്ട് ബസ്സുകൾ രാത്രി സമയത്ത് ട്രിപ്പ് മുടക്കുന്നതും, ട്രിപ്പ് എടുക്കാതിരിക്കുന്നതും കാരണം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ട്രിപ്പ് കട്ട് ചെയ്യുന്ന ബസ്സുടമകൾക്കെതിരെ നിയമപരമായി സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാം; പൊതുജനങ്ങളിൽ നിന്നോ പൊതുപ്രവർത്തകരിൽ നിന്നോ ഇത്തരം പരാതി ലഭിച്ചാൽ പരാതിയിന്മേൽ എത്ര ദിവസത്തിനകം മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് ബസ് സ്റ്റാന്റിൽ ട്രിപ്പ് കട്ട് ചെയ്യുന്ന ബസ്സുകളെ സംബന്ധിച്ച് മിന്നൽ പരിശോധന നടത്താൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഗതാഗത മേഖലയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ട്രാഫിക് പോലീസിന് നിയമപരമായി എന്തെങ്കിലും അധികാരങ്ങളുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ബസ്സിന്റെ വാതിൽ തുറന്ന് കിടന്ന് ബസ്സോടിയ്ക്കുന്നതു മൂലമുള്ള അപകടങ്ങൾ</u>

503 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ സ്വകാര്യബസ്സിന്റെ വാതിൽ തുറന്നുകിടന്നതു കാരണം റോഡിലേക്ക് തെറിച്ച് വീണ് വിദ്യാർത്ഥിനി മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ചേര്‍ത്തല ജോയിന്റ് ആര്‍.റ്റി. ഓാഫീസില്‍</u>
<u>ജീവനക്കാരുടെ കുറവ്</u>

504 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല ജോയിന്റ് ആര്‍.റ്റി ഓഫീസില്‍ ജീവനക്കാരുടെ കുറവ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; മോട്ടോര്‍ വെഹിക്കിള്‍ ഇന്‍സ്പെക്ടര്‍മാരുടെ അനുവദിക്കപ്പെട്ട ഒഴിവുകള്‍ ചേര്‍ത്തലയിലുണ്ടോ എന്നു പറയാമോ; എന്തുകൊണ്ടാണ് പ്രസ്തുത ഒഴിവുകളില്‍ നിയമനം നടക്കാത്തത് എന്നു പറയാമോ;

(ബി) ജില്ലയില്‍ ആര്‍.റ്റി.ഒ ഓഫീസുകള്‍ വിഭജിക്കപ്പെട്ടപ്പോള്‍ അധികം വന്ന ജീവനക്കാരെ ജോലിഭാരം കൂടതലുളള ആര്‍.റ്റി.ഒ ഓഫീസുകളിലേയ്ക്ക് വിന്യസിക്കാതിരുന്നത് എന്തുകൊണ്ടന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

**ട്രാൻസ്പോർട്ട് കമ്മ്യൂണിക്കേഷൻ സെക്ടറിന്റെ ബജറ്റ് വിഹിതം**

505 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കമ്മ്യൂണിക്കേഷൻ സെക്ടറിനുവേണ്ടി 2011-12 ലെ സംസ്ഥാന ബജറ്റിൽ വകകൊള്ളിച്ചിരുന്ന തുക എത്രയായിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു;

(ബി) ഇതിൽ വാട്ടർ ട്രാൻസ്പോർട്ടിന് വേണ്ടി മാത്രം എത്ര തുക നീക്കിവെച്ചിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു;

(സി) വാട്ടർ ട്രാൻസ്പോർട്ടിനുവേണ്ടി നീക്കിവെച്ച തുക പൂർണ്ണമായി ചെലവഴിക്കാനായില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഔദ്യോഗിക വാഹനങ്ങളിലെ ബോർഡുകൾ</u>

506 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടേതല്ലാത്ത ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയുടെ ഔദ്യോഗിക വാഹനങ്ങളിൽ ചുവന്ന നിറത്തിൽ 'കേരള സർക്കാർ' എന്ന ബോർഡ് സ്ഥാപിക്കുന്നതിന് അനുവാദം ഇല്ലെന്നിരിക്കെ, അത് ലംഘിച്ച ഏതെല്ലാം സ്ഥാപനങ്ങൾക്ക് എതിരെ കഴിഞ്ഞ ഒരു വർഷത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നിയമലംഘനങ്ങൾ നിരവധി തവണ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി ഉണ്ടാകാത്തതോ വൈകുന്നതോ ആണ് ചില സ്വകാര്യ സ്ഥാപനങ്ങളും, മതസംഘടനകളും ഇത്തരം ബോർഡുകൾ പ്രദർശിപ്പിക്കാൻ കാരണമായതെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിയമലംഘനങ്ങൾക്കെതിരെ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

'കോൺട്രക്റ്റ് ക്യാരേജുകൾ'

507 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിനകത്തും അയൽ സംസ്ഥാനങ്ങളിലേയ്ക്കും ദിനം പ്രതി നിരവധി 'കോൺട്രാക്റ്റ് ക്യാരേജുകൾ' വ്യക്തിഗത അഡ്വാൻസ് റിസർവേഷൻ സൗകര്യം നൽകി സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ സർവ്വീസ് നടത്തുന്നതിന് കോൺട്രാക്റ്റ് ക്യാരേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം സർവ്വീസുകൾ നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത സർവ്വീസുകൾ തിരക്കുള്ള ദിവസങ്ങളിൽ അമിത തുക ഈടാക്കി യാത്രക്കാരെ ചൂഷണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ വേഗതാ പരിധി പാലിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വാഹനങ്ങൾക്ക് സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) രാത്രികാലങ്ങളിൽ പ്രസ്തുത വാഹനങ്ങളുടെ വേഗതാ പരിധി പരിശോധിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ലോഫ്ളോർ എ.സി - നോൺ -എ.സി ബസ്സുകൾ</u>

508 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെ.എൻ.എൻ.യു.ആർ. എം പദ്ധതി പ്രകാരമുള്ള ലോഫ്ളോർ എ.സി, നോൺ -എ.സി ബസ്സുകളുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രതിദിന ശരാശരി കളക്ഷൻ ഒരോ ജില്ലയിലും എത്രവീതമെന്ന് അറിയിക്കുമോ;

(ബി) അതിന്റെ കളക്ഷൻ പരിശോധിച്ച്, റൂട്ടുകളിലും ടൈം ടേബിളിലും മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ ബസുകളിൽ സൗജന്യപാസ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

മോട്ടോർ വാഹനവകുപ്പിൽ ഇ-ഗവേണൻസ്

509 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹിദ്
,, റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ ഇ-ഗവേണൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ഇ-ഗവേണൻസ് മുഖേന ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇ-ഗവേർണൻസ് നടപ്പാക്കുന്നത് എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

മോട്ടോർ വാഹന വകുപ്പിൽ പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം

510 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് എവിടെയൊക്കെ പ്രസ്തുത വിഭാഗം പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനത്തിന് ആരുടെയെല്ലാം സഹായം പ്രയോജനപ്പെടുത്തുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്?